20
2024
ജൂൺ
വ്യാഴം
മിഥുനം 6

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.206 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-206 പേജ് 4. വില 2.00 രൂപ

02 വായനാ സംസ്കാരത്തെ കാലത്തിനൊത്തു പരിഷ്കരിക്കണം: മുഖ്യമന്ത്രി
03 കടൽമീനുകൾക്കു തീവില; വളർത്തു മത്സ്യങ്ങൾക്കു വൻ ഡിമാൻഡ്
04 എഐ ആപ് വഴി തയാറാക്കിയത് 150 സ്ത്രീകളുടെ നഗ്നചിത്രങ്ങൾ

# തമിഴ്നാട്ടിൽ വിഷമദ്യദുരന്തം മരണം 14; ഒരാൾ അറസ്റ്റിൽ

## എസ്. പിക്ക് സസ്പെൻഷൻ, കളക്ടറെ സ്ഥലംമാറ്റി

ചെന്നൈ: തമിഴ്നാട്ടിലെ കള്ളക്കുറിച്ചി വിഷമദ്യദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 14 ആയി. നാല്പതോളം പേർ ചികിത്സയിലുണ്ടെന്നാണ് വിവരം. കള്ളക്കുറിച്ചി താലൂക്കിലെ കരുണപുരം കോളനിയിൽ നിന്നുള്ളവരാണ് മരിച്ചവരും ചികിത്സയിലുള്ളവരും.

സംഭവത്തിൽ തമിഴ്നാട് സർക്കാർ കർശനനടപടി ആരംഭിച്ചു. ജില്ലാ കളക്ടർ ശ്രാവൺ കുമാർ ജടാവത്തിനെ സ്ഥലം മാറ്റി. എസ്. പി. സമയ് സിങ് മീണയെ സസ്പെൻഡ് ചെയ്തു. എം. എസ്. പ്രശാന്ത് ആണ് പുതിയ ജില്ലാ കളക്ടർ. രജത് ചതുർവേദിക്കാണ് പോലീസ് സൂപ്രണ്ടിന്റെ ചുമതല. ഡി. എസ്. പിമാരായ തമിഴ്ശെൽവനേയും മനോജിനേയും സസ്പെൻഡ് ചെയ്തു. ഇവരെക്കൂടാതെ ഏഴ് പോലീസ് ഉദ്യോഗസ്ഥരേയും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

വിഷമദ്യം വിറ്റ കണ്ണുക്കുട്ടു എന്നറിയപ്പെടുന്ന ഗോവിന്ദരാജിനെ തമിഴ്നാട് പോലീസ് അറസ്റ്റുചെയ്തു. ഇയാൾ വിറ്റ മദ്യത്തിൽ മെഥനോളിന്റെ അംശമുണ്ടായിരുന്നതായി ഫൊറൻസിക് പരിശോധനയിൽ വ്യക്തമായതായി അധികൃതർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

സംഭവത്തിൽ അന്വേഷണം സി. ബി സി. ഐ. ഡിക്ക് കൈമാറി. നിയമലംഘനങ്ങളെ ഉരുക്കുമുഷ്ടിയോടെ നേരിടുമെന്ന് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ അറിയിച്ചു. കള്ളക്കുറിച്ചിയിൽ ചികിത്സയിലുള്ള 26 പേർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് മന്ത്രിമാരായ ഇ. വി. വേലുവിനോടും മാ. സുബ്രഹ്മണ്യനോടും സ്ഥലത്തേക്ക് തിരിക്കാൻ സ്റ്റാലിൻ നിർദേശിച്ചു.

സർക്കാർ കള്ളക്കുറിച്ചിയിലേക്ക് നാലംഗ മെഡിക്കൽ സംഘത്തെ അയച്ചു. സേലത്തുനിന്നും തിരുവണ്ണാമലൈയിൽനിന്നും കള്ളക്കുറിച്ചിയിലേക്ക് ഡോക്ടർമാരെത്തിയിട്ടുണ്ട്. 12 ആംബുലൻസുകളും തയ്യാറാക്കി നിർത്തിയിട്ടുണ്ട്.

പാക്കറ്റ് മദ്യം കഴിച്ചതിനെത്തുടർന്ന് അസ്വസ്ഥതകളുണ്ടായ 20ഓളം പേർ കള്ളക്കുറിച്ചി സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയെന്നാണ് സർക്കാർ ഭാഷ്യം. 18 പേരെ പുതുച്ചേരി ജിപ്മെറിലേക്ക് മാറ്റി. ആറുപേർ സേലം സർക്കാർ ആശുപത്രിയിലും ചികിത്സയിലാണ്.

# നീറ്റ് – യുജി: മുന്നറിയിപ്പുമായി സുപ്രീം കോടതി



ന്യൂഡൽഹി : ദേശീയ മെഡിക്കൽ പ്രവേശനപരീക്ഷയായ നീറ്റ് യുജിയുടെ നടത്തിപ്പിൽ 0.001% പിഴവുണ്ടെങ്കിൽ പോലും അതിനെ അങ്ങേയറ്റം ഗൗരവത്തോടെ സമീപിക്കേണ്ടതുണ്ടെന്നു സുപ്രീം കോടതി നിർദേശിച്ചു. രണ്ടാഴ്ചയ്ക്കുള്ളിൽ മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനും ദേശീയ പരീക്ഷാ ഏജൻസിക്കും (എൻടിഎ) കോടതി നോട്ടിസ് അയച്ചു. നീറ്റുമായി ബന്ധപ്പെട്ട മറ്റു ഹർജികൾക്കൊപ്പം ജൂലൈ എട്ടിനു കോടതി ഇതു പരിഗണിക്കും. പുനഃപരീക്ഷ നടത്തണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളും കോടതി അന്നു പരിഗണിക്കും.

സിപിഎം സംസ്ഥാനകമ്മിറ്റി: മുഖ്യമന്ത്രിക്ക് വിമർശനം; ഭരണ വിരുദ്ധവികാരമെന്ന് റിപ്പോർട്ട്

ചോദ്യക്കടലാസ് ചോർന്നെന്നും പരീക്ഷയിൽ തിരിമറി നടന്നെന്നും ആരോപിച്ചുള്ള ഹർജിയാണ് ജസ്റ്റിസുമായ വിക്രം നാഥ്, എസ്.വി.ഭാട്ടി എന്നിവരുടെ അവധിക്കാല ബെഞ്ച് പരിഗണിച്ചത്. എന്തെങ്കിലും പിഴവുണ്ടെങ്കിൽ എൻടിഎ അതു സമ്മതിക്കണമെന്നും നീറ്റ് പരീക്ഷയിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസം വീണ്ടെടുക്കാൻ അതിലൂടെ സാധിക്കുമെന്നും കോടതി ഓർമിപ്പിച്ചു. "ആരുടെയെങ്കിലും ഭാഗത്ത് 0.001% അശ്രദ്ധ ഉണ്ടായാൽ പോലും അതിനെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഒരു സാധാരണ കേസ് മാത്രമായി ഇതിനെ കണക്കാക്കരുത്" ജസ്റ്റിസ് ഭാട്ടി പറഞ്ഞു. പ്രവേശനപരീക്ഷയിൽ ക്രമക്കേട് കാട്ടി ഡോക്ടർമാരാകുന്നവർ സമൂഹത്തിന് ആപത്താണെന്നും കടുത്ത മത്സരമുള്ള പരീക്ഷ ജയിക്കാൻ വിദ്യാർഥികൾ നടത്തുന്ന കഠിനാധ്വാനത്തെക്കുറിച്ചു നല്ല ധാരണയുണ്ടെന്നും കോടതി വ്യക്തമാക്കി.

നീറ്റ് ചോദ്യച്ചോർച്ചയുമായി ബന്ധപ്പെട്ട കേസിൽ ബിഹാർ പൊലീസ് 9 വിദ്യാർഥികളെ ഇന്നു ചോദ്യം ചെയ്യും. 60 പേരെ ഇതിനകം ചോദ്യം ചെയ്തെന്നും 13 പേരെ അറസ്റ്റ് ചെയ്തെന്നും കേസ് അന്വേഷിക്കുന്ന ബിഹാർ ഇക്കണോമിക് ഒഫൻസ് യൂണിറ്റ് (ഇഒയു) വ്യക്തമാക്കി. എൻടിഎ വിവരങ്ങൾ കൈമാറാൻ മടിച്ചതിനാലാണ് 9 വിദ്യാർഥികളുടെ ചോദ്യംചെയ്യൽ വൈകിയതെന്നാണു വിശദീകരണം. ബിഹാർ, യുപി, മഹാരാഷ്ട്ര സ്വദേശികളാണിവർ. ബിഹാറിലെ ലേൺ ആൻഡ് പ്ലേ എന്ന സ്വകാര്യ സ്കൂളിൽ വിദ്യാർഥികൾ ചോദ്യങ്ങൾ കാണാതെ പഠിക്കുന്നതിന്റെ വിഡിയോ ദൃശ്യങ്ങളും അന്വേഷണ സംഘത്തിനു ലഭിച്ചിട്ടുണ്ട്. ഒരു മിനിറ്റിലേറെയുള്ള വിഡിയോയിലെ വിദ്യാർഥികളെയെല്ലാം ഉടൻ ചോദ്യം ചെയ്യും.

ഗുജറാത്തിലെ ഗോധ്രയിൽ ജയ് ജൽറാം സ്കൂളും റോയ് ഓവർസീസ് എന്ന എൻട്രൻസ് കോച്ചിങ് സ്ഥാപനവും ചേർന്നു നടത്തിയ പരീക്ഷാ ക്രമക്കേടിൽ 5 പേരെ നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. 2.30 കോടി രൂപയും കണ്ടെടുത്തിട്ടുണ്ട്. ഇവിടെ 30 വിദ്യാർഥികൾ ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണു വിവരം. ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് നീറ്റ് യുജിയിൽ രണ്ടിടത്തു ക്രമക്കേട് നടന്നതായി കഴിഞ്ഞദിവസം കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ വെളിപ്പെടുത്തിയതെന്നാണു സൂചന.

## യുജിസി നെറ്റ് പരീക്ഷ റദ്ദാക്കി; സിബിഐ അന്വേഷിക്കും

ന്യൂഡൽഹി : കഴിഞ്ഞ ദിവസം 2 ഘട്ടങ്ങളിലായി നടന്ന യുജിസി നെറ്റ് പരീക്ഷ റദ്ദാക്കി. പരീക്ഷയിൽ ക്രമക്കേട് നടന്നതായി ആഭ്യന്തര മന്ത്രാലയത്തിന്റെ സുരക്ഷാവിഭാഗം കണ്ടെത്തിയതിനു പിന്നാലെയാണ് നടപടി. വിഷയം സിബിഐ അന്വേഷിക്കുമെന്നു കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. 11 ലക്ഷം പേരാണ് പരീക്ഷയെഴുതിയത്.

നീറ്റിനു പിന്നാലെ പരീക്ഷ നടത്തിപ്പിൽ വലിയ വീഴ്ചയാണു നാഷനൽ ടെസ്റ്റിങ് ഏജൻസിക്ക് യുജിസി നെറ്റ് പരീക്ഷാ നടത്തിപ്പിലും സംഭവിച്ചത്. പ്രഥമദൃഷ്ട്യാ പരീക്ഷയിൽ ക്രമക്കേട് കണ്ടെത്തുകയായിരുന്നുവെന്ന് വിദ്യാഭ്യാസ മന്ത്രാലയം പറയുന്നു. പരീക്ഷയുടെ സുതാര്യതയും പവിത്രയും സംരക്ഷിക്കണമെന്നതിനാലാണു റദ്ദാക്കുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി. പുനഃപരീക്ഷയുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുമെന്നും അധികൃതർ പറഞ്ഞു. നീറ്റ് പരീക്ഷയിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ സമരം കടുക്കുന്നതിനിടെയാണു നെറ്റ് പരീക്ഷ റദ്ദാക്കി സിബിഐ അന്വേഷണം പ്രഖ്യാപിച്ചത്.

# കേരളത്തെ മീനൂട്ടുന്ന അമ്മമാർ



**യേശുദാസ് വില്യം**

കൊല്ലം:ശക്തികുളങ്ങര.വറുതിക്കാലത്ത് മീനൂട്ടുന്ന അമ്മമാർ കേരളതീരത്തെ കാഴ്ചയാണ്. ചെറുമീനുകൾ ശേഖരിച്ച് കഴുകി വൃത്തിയാക്കി ഉപ്പിലിട്ടു വീണ്ടും കഴുകി ഉണക്കി വിപണിയിലും,കച്ചവടക്കാർക്കും നൽകി ഉപജീവനം കഴിക്കുന്നവർ.കൊല്ലം ശക്തികുളങ്ങര തീരത്തെ മരുത്തടി കടപ്പുറത്ത് ചെറുമീനുകൾ ഉണക്കി വിൽക്കുന്ന സ്റ്റെല്ലയെന്ന മുതിർന്ന മൽസ്യത്തൊഴിലാളി സ്ത്രീയെ കണ്ടു.മരുത്തടി കടപ്പുറത്തിനു തെക്കോട്ടും കേരളത്തിന്റെ തെക്കേയറ്റത്തുള്ള പൊഴിയൂരിലും പരുത്തിയൂരിലും സമാനമായ മൽസ്യത്തൊഴിലാളി സ്ത്രീകളെ കാണം.അനുബന്ധ തൊഴിൽ ഉപജീവനമാക്കിയ സ്ത്രീകൾ വടക്കോട്ട്കാസർകോട് ഉപ്പളവരെയും കാ ണാം.

മൽസ്യവിപണനം ഉപജീവനമാക്കിയിരുന്ന സ്ത്രീകളുടെ രണ്ടാം തലമുറക്കാരിയാണ് കൊല്ലത്തെ ശക്തികുളങ്ങര തീരത്തെ സ്റ്റെല്ല മാന. ഇവരുടെഅമ്മച്ചി ത്രേസ്യ മാന വീടുകളിലും,ചന്തകളിലും തലച്ചുമടായി മൽസ്യക്കച്ചവടം നടത്തി ഉപജീവനം കഴിച്ച തീരത്തിന്റെ കരുത്തുറ്റ സ്ത്രീ പ്രതീകമായിരുന്നു.നാലു സഹോദരൻമാർക്ക് ഏക സഹോദരിയായിരുന്ന സ്റ്റെല്ല തീരത്തെ ഉപജീവനത്തിന് പോയിരുന്നില്ല.മുപ്പത്തേഴുകൊല്ലം മുൻപ് ആകസ്മികമായുണ്ടായ ഭർത്താവ് ജോസഫിന്റെ വേർപാടാണ്.സ്റ്റെല്ലയെ കടപ്പുറത്തെ തൊഴിലിനായി നയിച്ചത്.ഇന്നും അതു അനസ്യൂതം തുടരുന്നു.ആദ്യമാദ്യം മൽസ്യ വിപണനം നടത്തിയെങ്കിലും പിന്നീട് മീൻ ഉണക്കി വിൽക്കുന്ന തൊഴിൽ സ്വീകരിച്ചു.

ഹാർബറിലെ വിപുലമായ മാർക്കറ്റിൽ നിന്നും ആവിശ്യമായ മൽസ്യങ്ങൾ വാങ്ങി വൃത്തിയാക്കി ഉണക്കമീനാക്കി സ്ഥിരം കച്ചവടക്കാർക്കു വിൽക്കും.തമിഴ്നാട് തുടങ്ങി അന്യസംസ്ഥാനത്തു നിന്നും വൃത്തിഹീനമായ സാഹചര്യത്തിൽ സജ്ജമാക്കുന്ന ഉണക്ക മൽസ്യം കേരളത്തിൽ വിപണി കീഴടക്കുമ്പോൾ നമ്മുടെ തീരത്തെ അമ്മമാർ ശുദ്ധിയോടെ തയ്യാറാക്കുന്ന മൽസ്യ ഉൽപന്നങ്ങളും സാധാരണനിലയിൽ ഇവരോടൊപ്പം മൽസരിച്ച് മേൻമ തിരിച്ചറിയപ്പെടാതെ പോകുന്നു.ഇവർ തയ്യാറാക്കുന്ന ഡ്രൈഫിഷിന്റെ പ്രത്യേകതകളും പ്രാദേശികമായ രുചിവൈവിധ്യങ്ങളും തിരിച്ചറിയപ്പെടാതെ പോകുന്നു.അതീവ ഹൈജനിക്കായ് തീരത്തെഅമ്മമാർ തയ്യാറാക്കുന്ന ഡ്രൈഫിഷ് ഉൽപ്പന്നങ്ങൾ സർക്കാർ ഏജൻസികൾ വാങ്ങുകയും തീരത്തിന്റെയും മൽസ്യത്തിന്റെയും വൈവിധ്യങ്ങൾ തിരിച്ചറിഞ്ഞു ബ്രാൻഡു ചെയ്ത് വിപണിയിലെത്തിച്ചാൽ ഇവരുടെ ഉപജീവന പ്രവർത്തനത്തിനു കിട്ടുന്ന അംഗീകാരവും വിജയകരമായ മുന്നേറ്റവും സൃഷ്ടിക്കുവാനാകും എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

മരുത്തടിയിലെ കടലിന്റെ പശ്ചാത്തലത്തിൽ ജീവിതം നീർത്തി വിരിച്ചെടുക്കുന്ന അമ്മക്ക് എല്ലാം തരുന്ന കടലിനോടും നീരസമുണ്ട്.അമ്പതു കൊല്ലം മുമ്പ് മൺസൂണിൽ ഫിഷിംഗ് ബോട്ടു തകർന്നു അപ്പൻ ഉള്ളിയമ്പർ ജോസഫ് മരിച്ചത് ഈ കടലിലാണ്. നാലു കൊല്ലം മുൻപ് വള്ളം തകർന്ന് സഹോദരൻ വസ്ത്യയൻ മരിച്ചതും ദാ ഈ കടലിലാണ്.അവരുടെ മരിക്കാത്ത ഓർമ്മകളുടെ തീരത്തിരുന്നാണ് സ്റ്റെല്ല മാന ജീവിതം കരുപ്പിടിപ്പിക്കുന്നത്.മൺസൂണിലെ കാറ്റ് അവരുടെ മനസ്സിൽ പറഞ്ഞറിയിക്കുവാനാകാത്ത ആധി നിറക്കും..കാരണം മകൻ ലോറൻസും ,സഹോദരൻമാരും കടൽ പണിക്കു പോകുന്നവരാണ്..മാനം കറുക്കുമ്പോൾ പടുപ്പിൽ ഉണങ്ങുവാനിട്ടിരിക്കുന്ന മൽസ്യം തട്ടിയൊതുക്കുമ്പോഴും അവരുടെ കണ്ണുകൾ പടിഞ്ഞാറു ഉയർന്നുപൊങ്ങുന്ന വരവു കടലിലാണ്...

# വായനാദിനം ആചരിച്ചു

വിഴിഞ്ഞം: അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുടെ സാമൂഹ്യ പ്രതിബദ്ധതാ വിഭാഗത്തിന്റെ കീഴിൽ യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുന്ന അദാനി സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ ദേശീയ വായനദിനം ആചാരിച്ചു.

വാളിനെക്കാൾ മൂർച്ചയാണ് വാക്കുകൾക്ക് അതുകൊണ്ട് തന്നെ വാക്കുകൾ ഇഴ ചേർത്തുവച്ച പുസ്തകങ്ങളുടെ വായനയാണ് മനുഷ്യന്റെ വളർച്ചക്ക് ഏറ്റവും നല്ലത്. മലയാളിക്ക് വായനയുടെ വിശാലമായ ലോകം തുറന്നു തന്ന പി എൻ പണിക്കരുടെ ഓർമ്മകൾക്ക് മുന്നിൽ ഈ ദിനം ആചരിച്ചു.

അദാനി സ്കിൽ ഡെവലപ്മെന്റ് വിഴിഞ്ഞം സെന്ററിന് കീഴിൽ പരിശീലനം നടക്കുന്ന ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ബ്യൂട്ടി തെറാപ്പിസ്റ്റ് എന്നീ ബാച്ചുകളിലെ അൻപതോളം കുട്ടികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

അദാനി സാമൂഹ്യ പ്രതിബദ്ധത വിഭാഗം പ്രൊജക്റ്റ് ഓഫീസറായ ജോർജ് സെൻ പി റ്റി, പങ്കെടുത്ത പരിപാടിയിൽ, എഴുത്തുകാരനും കവിതാ രചയിതാവുമായ ഡോ. ഡി അനിൽകുമാർ മുഖ്യ അഥിതി ആയി. പ്രശസ്തമായ കുറെ ഏറെ മലയാള പുസ്തകങ്ങളെ കുറിച്ചും, എഴുത്തുകാരുടെ ജീവിത കഥകളെ കുറിച്ചും അതുപോലെ പുസ്തക വായനയിലൂടെ ലഭിക്കുന്ന നേട്ടങ്ങളെ കുറിച്ചും അദ്ദേഹം പറയുകയുണ്ടായി.

വയനാടിനത്തോട് അനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ വിജയികളായ കുട്ടികൾക്ക് ചടങ്ങിൽ പങ്കെടുത്ത തെന്നൂർക്കോണം സി വി സ്മാരക ഗ്രന്ഥശാല സെക്രട്ടറി വിജയകുമാർ സമ്മാനങ്ങൾ വിതരണം ചെയ്തു.

വിവിധ ബാച്ചുകളിലെ ട്രൈനെർമാരായ ഷീജ എം, മിനി ജോസ്, കവിത റ്റി ആർ, നീതു വി നാഥ്, അനിൽകുമാർ ബി എസ്, ശ്രീജിത്ത് എസ്, വിപിൻ എസ് എന്നിവർ ഈ പരിപാടി സംഘടിപ്പിക്കുകയും ചെയ്തു.






# ഇൻഫോപാർക്ക് ഫേസ് ഒന്നിൽ വേൾഡ് ട്രേഡ് സെൻററിൻെറ മൂന്നാം ടവറിന് കരാറൊപ്പിട്ടു

ഇൻഫോപാർക്ക് കൊച്ചി ഫേസ് ഒന്നിലെ ബ്രിഗേഡ് ഗ്രൂപ്പിൻറെ വേൾഡ് ട്രേഡ് സെൻറർ മൂന്നാം കെട്ടിടസമുച്ചയത്തിനായി ഇൻഫോപാർക്കും ബ്രിഗേഡ് ഗ്രൂപ്പും കരാറിൽ ഒപ്പിട്ടു. തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻറെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ വ്യവസായകയർ നിയമമന്ത്രി പി രാജീവ്, ചീഫ് സെക്രട്ടറി ഡോ. വി. വേണു, ഐടി സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, ബ്രിഗേഡ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ചെയർമാൻ എം ആർ ജയശങ്കർ, ജോയിൻറ് മാനേജ്മൻറ് ഡയറക്ടർ നിരുപ ശങ്കർ, ഇൻഫോപാർക്ക് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ബംഗളുരു ആസ്ഥാനമായ പ്രമുഖ കെട്ടിടനിർമ്മാതാക്കളായ ബ്രിഗേഡ് ഗ്രൂപ്പ് വേൾഡ് ട്രേഡ് സെൻററുമായി സഹകരിച്ചാണ് മൂന്നാമത്തെ ടവർ പണിയുന്നത്. 1.55 ഏക്കർ സ്ഥലത്ത് 2.6 ലക്ഷം ചതുരശ്രയടി ബിൽട്ട് അപ് സ്ഥലം പുതിയ ഓഫീസുകൾക്കായി ലഭിക്കും. ഇതിലൂടെ 2700 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ആറ് നിലകളിലെ കാർ പാർക്കിംഗ് അടക്കം പതിനാറ് നിലകളായാണ് മൂന്നാമത്തെ ടവർ വരുന്നത്. മൂന്നു വർഷം കൊണ്ട് കെട്ടിടത്തിൻറെ നിർമ്മാണം പൂർത്തീകരിക്കും. സെസ് ഇതര സ്ഥലത്താണ് കെട്ടിടം വരുന്നത്. 150 കോടി രൂപ നിക്ഷേപമാണ് ഇതിലൂടെ നടക്കുന്നത്.

ഇൻഫോപാർക്കിൽ 2016ന് ശേഷം 583 പുതിയ കമ്പനികൾ സ്ഥാപിക്കുകയും ഇതുവരെ എഴുപത്തിനായിരത്തിൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വേൾഡ് ട്രേഡ് സെൻ്ററിൻ്റെ മൂന്നാം ടവർ വരുന്നത് ഇൻഫോപാർക്കിലെ വികസനത്തിനു മാത്രമല്ല ഐ ടി രംഗത്ത് കേരളത്തിൻ്റെ കുതിപ്പിനു വേഗം കൂട്ടുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ഇൻഫോപാർക്കിലെ നോൺസെസ് വിഭാഗത്തിൽ ആവശ്യക്കാരേറെയാണെന്ന് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. ബ്രിഗേഡിൻറെ പുതിയ പദ്ധതി വരുന്നതോടു കൂടി സംരംഭകരുടെ ആവശ്യം പരിഹരിക്കാൻ സാധിക്കും. ഇതിലൂടെ പ്രമുഖ കമ്പനികളെ ഇൻഫോപാർക്കിലേക്ക് ആകർഷിക്കാനുള്ള സാധ്യത ഏറുമെന്നും അദ്ദേഹം പറഞ്ഞു.

വേൾഡ് ട്രേഡ് സെൻററിൻറെ മൂന്നാം ടവറോടു കൂടി കേരളത്തിലെ ഐടി ഐടി അനുബന്ധ കമ്പനികൾക്കായി ബ്രിഗേഡ് ഗ്രൂപ്പിൻറെ സാന്നിദ്ധ്യം വർധിക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ബ്രിഗേഡ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ചെയർമാൻ എം ആർ ജയശങ്കർ പറഞ്ഞു. ഭൂമി ലഭിക്കുകയാണെങ്കിൽ കേരളത്തിലെ പ്രവർത്തനങ്ങൾ ഇനിയും വിപുലീകരിക്കാൻ ബ്രിഗേഡ് ഗ്രൂപ്പിന് താത്പര്യമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിലവിൽ ബ്രിഗേഡ് ഗ്രൂപ്പിൻറെ വേൾഡ് ട്രേഡ് സെൻറർ പദ്ധതിയിൽ രണ്ട് ടവറുകളാണ് ഇൻഫോപാർക്ക് കൊച്ചി ഫേസ് ഒന്നിൽ പ്രവർത്തിക്കുന്നത്. മൊത്തം 7,70,000 ചതുരശ്രയടി ബിൽട്ട് അപ് സ്ഥലമുള്ള കെട്ടിടങ്ങൾ പൂർണമായും വിവിധ കമ്പനികൾ പാട്ടത്തിനെടുത്തു കഴിഞ്ഞു. ബഹുരാഷ്ട്ര കമ്പനികളായ കെപിഎംജി, ഐബിഎം, യുഎസ്ടി, സെറോക്സ്, ജി10എക്സ്, മൈൻഡ് കർവ്, വില്യംസ് ലീ, ആസ്പയർ ഉൾപ്പെടെ 37 കമ്പനികളിലായി 8000 ലധികം ജീവനക്കാർ എ, ബി ടവറുകളിലായി ജോലി ചെയ്തു വരുന്നു.

ലോകോത്തര നിലവാരത്തിലുള്ള വർക്ക് സ്പേസുകൾക്ക് ഗ്രേഡ് എ അംഗീകാരവും, ലീഡ് ഗോൾഡ് സർട്ടിഫിക്കേഷനുമുണ്ട്. ഇതിനു പുറമെ ഇൻഫോപാർക്ക് കൊച്ചി ഫേസ് ഒന്നിലെ പഞ്ചനക്ഷത്ര ഹോട്ടലായ ഫോർ പോയിൻറ്സ് ബൈ ഷെറാട്ടണും ബ്രിഗേഡ് ഗ്രൂപ്പിൻറെ തന്നെ ഉടമസ്ഥതയിലുള്ളതാണ്.

ഇൻഫോപാർക്കിൽ വേൾഡ് ട്രേഡ് സെൻറർ 3 വരുന്നതോടെ കമ്പനികളുടെ എണ്ണവും തൊഴിലവസരങ്ങളും വർധിക്കും.

കൂടാതെ, തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ്1ൽ ബ്രിഗേഡ് സ്ക്വയറും സജ്ജമാവുകയാണ്.

ബംഗളൂരു, ചെന്നൈ, കൊച്ചി, ഹൈദരാബാദ്, തിരുവനന്തപുരം, ദേവനഹള്ളി ഉൾപ്പടെ ദക്ഷിണേന്ത്യയിലെ ആറ് വേൾഡ് ട്രേഡ് സെൻററുകളുടെ ലൈസൻസുകളാണ് ബ്രിഗേഡ് ഗ്രൂപ്പിന് ഉള്ളത്. കഴിഞ്ഞ 38 വർഷങ്ങൾ കൊണ്ട് 300 ഓളം കെട്ടിടങ്ങളിലൂടെ വിവിധ ഉദ്ദേശ്യങ്ങൾക്കായി 90 ദശലക്ഷം ചതുരശ്രയടി സ്ഥലവും ബ്രിഗേഡ് ഗ്രൂപ്പ് പൂർത്തിയാക്കിയിട്ടുണ്ട്.




പി. എൻ. പണിക്കർ ഫൗണ്ടേഷൻ്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വായനാ ദിനാഘോഷത്തിൻ്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# വായനാ സംസ്കാരത്തെ കാലത്തിനൊത്തു പരിഷ്കരിക്കണം: മുഖ്യമന്ത്രി

വായനാ സംസ്കാരത്തെ കാലത്തിനൊത്തു പരിഷ്കരിക്കാൻ കഴിയണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ലൈബ്രറികളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുമ്പോഴും മലയാളികളും ഗ്രന്ഥശാലകളും നൂതന സങ്കേതങ്ങളെ എത്രകണ്ടു കാര്യക്ഷമമായി ഉപയോഗിക്കുന്നുവെന്നു പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു. പി.എൻ. പണിക്കർ ഫൗണ്ടേഷൻ്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ വായനാ ദിനാചരണത്തിൻ്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

പുസ്തകം കൊണ്ടുപോയാൽ മാത്രമേ വായന നടക്കുമായിരുന്നുള്ളൂ എന്ന കാലത്തിൽനിന്നു മാറി വായിക്കണമെന്നു തോന്നുന്ന പുസ്തകം വരൽത്തുമ്പിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ ഇന്നുണ്ടെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. വായിക്കാൻ സമയമില്ലെങ്കിൽ അവ വായിച്ചു കേൾപ്പിക്കുന്ന പോഡ്കാസ്റ്റിങ് സംവിധാനവുമുണ്ട്. കാലത്തിനനുസൃതമായി സ്വയം നവീകരിച്ച് വായനാ സംസ്കാരത്തെ പരിഷ്കരിക്കാൻ കഴിയണം.

അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ സമൂഹത്തിൽ വൻതോതിൽ നടക്കുന്നതു തിരിച്ചറിയണം. അവയെ ചെറുക്കാൻ കഴിയുന്ന മൂർച്ചയേറിയ ആയുധമാണു വായന. പൊതുജനങ്ങൾക്ക് ഒത്തുചേരാനും അവരുടെ വൈജ്ഞാനിക മണ്ഡലത്തെ വികസിപ്പിക്കാനും കഴിയുന്ന ഇടങ്ങളായി പുതിയ കാലത്തു ഗ്രന്ഥാലയങ്ങൾ മാറേണ്ടതുണ്ട്. വൈജ്ഞാനിക വികാസം മാത്രമല്ല, നമ്മൾ നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങൾ തരണം ചെയ്യാൻ സഹായിക്കുന്ന ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുന്നതിലും സാമൂഹ്യ മുന്നേറ്റത്തിനായി ജനങ്ങളെയാകെ സജ്ജീകരിക്കുന്നതിലും ലൈബ്രറികളിലൂടെ ഉയരുന്ന കൂട്ടായ്മകൾക്കു കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിളവൂർക്കൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥി വരദ ആർ.പി. എഴുതിയ ഊഞ്ഞാലുകുട്ടീടെ ഉമ്മിണിക്കാര്യങ്ങൾ എന്ന പുസ്തകം ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്തു. തിരുവനന്തപുരം സെൻ്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പി.എൻ. പണിക്കർ ഫൗണ്ടേഷൻ ചെയർമാനും മുൻ എം.പിയുമായ പന്ന്യൻ രവീന്ദ്രൻ, രാജ്യസഭാ മുൻ ഡെപ്യൂട്ടി സ്പീക്കർ പ്രൊഫ. പി.ജെ. കുര്യൻ, നിയമസഭ മുൻ സ്പീക്കർ എം. വിജയകുമാർ, മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി, പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ, പി.എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ, എസ്. സുരേഷ്, ഷമ്മി ലോറൻസ് തുടങ്ങിയവർ പങ്കെടുത്തു.

## സ്പോർട്സ് ഹോസ്റ്റൽ പ്രവേശനം

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലേക്ക് 202425 അധ്യയന വർഷത്തെ പി.ജി വിദ്യാർഥികളുടെ പ്രവേശനത്തിനായി അതാത് കായികയിനങ്ങളിൽ നാഷണൽ മെഡൽ നേടിയ കായിക താരങ്ങൾക്കായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ജൂൺ25 ന് സെലക്ഷൻ ട്രയൽസ് നടത്തും. താൽപര്യമുള്ളവർ 25ന് രാവിലെ എട്ടിന് സ്പോർട്സ് കിറ്റ്, ഒറിജിനൽ സർട്ടിഫിക്കറ്റ് എന്നിവയുമായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ എത്തണം.

അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ, സ്വിമ്മിംഗ്, തായ്ക്വാണ്ടോ, കബഡി, ഗുസ്തി, ആർച്ചറി, ബോക്സിംഗ്, സൈക്ലിംഗ്, ഫെൻസിങ്, ഹാൻ്റ് ബോൾ, ഹോക്കി, ജൂഡോ, കനോയിംഗ് ആൻഡ് കയാക്കിംഗ്, ഖോഖോ, നെറ്റ്ബോൾ, വെയ്റ്റ് ലിഫ്റ്റിംഗ്, റോയിംഗ്, സോഫ്റ്റ്ബോൾ എന്നീ ഇനങ്ങളിൽ മാത്രമായിരിക്കും സെലക്ഷൻ. താത്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, കായിക മികവ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പി ജൂൺ 20 നു മുമ്പായി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അയക്കണമെന്നു സെക്രട്ടറി അറിയിച്ചു.

## തടി/ സ്റ്റീൽ ഫർണിച്ചറുകൾ ലേലത്തിന്

എം.എൽ.എ ഹോസ്റ്റലിൽ ഉപയോഗിച്ച് വന്നിരുന്നതും നിയമസഭാ സമുച്ചയത്തിലെ സെല്ലാറിൽ സൂക്ഷിച്ചിട്ടുള്ളതുമായ തടി/ സ്റ്റീൽ ഫർണിച്ചറുകൾ ജൂൺ 22ന് രാവിലെ 11ന് നിയമസഭാ സമുച്ചയത്തിലെ സെല്ലാറിൽ വച്ച് ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം രാവിലെ 10.30ന് നിരതദ്രവ്യമായ 1000 രൂപ ഒടുക്കി പേര് രജിസ്റ്റർ ചെയ്യണം. വിശദ വിവരങ്ങൾക്ക്: http://niyamasabha.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 0471 2512206, 0471 2512207, www.niyamasabha.org.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള ലക്ഷദ്വീപ് തീരങ്ങളിൽ ജൂൺ 21, 22നും കർണാടക തീരത്ത് 20നും 22നും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. 20നും 22നും കർണാടക തീരത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്. ജൂൺ 21നും 22നും കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

## സി എ ഓഡിറ്റ് പ്രൊപ്പോസൽ ക്ഷണിച്ചു

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 202324, 202425, 202526 സാമ്പത്തിക വർഷങ്ങളിലെ ഫയലുകൾ ഓഡിറ്റ് ചെയ്തു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും അതോടൊപ്പം കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ ബോർഡിന്റെ ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിനും ടാക്സ് റിഫണ്ട് തുടർ പ്രവർത്തികൾക്കുമായി അംഗീകൃത സി എ ഓഡിറ്റർമാരിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ചു. പ്രൊപ്പോസലുകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ മൂന്നിന് വൈകിട്ട് മൂന്നു മണി. കൂടുതൽ വിവരങ്ങൾക്ക് : 0471 2448093.

## പ്രോജക്ട് ഫെലോ ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ 2024 ഡിസംബർ വരെ കാലാവധിയുള്ള ഒരു സമയ ബന്ധിത ഗവേഷണ പദ്ധതിയിൽ ഒരു പ്രൊജക്ട് ഫെലോയുടെ താത്കാലിക ഒഴിവിൽ നിയമിക്കുന്നതിന് 21ന് രാവിലെ 10ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലെ ഓഫീസിൽ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: www.kfri.res.in.

## പരീക്ഷണ വെടിവയ്പ്: ജാഗ്രത പാലിക്കണം

ഐ.എൻ.എസ്. ദ്രോണാചാര്യയിൽ ജൂലൈ 1, 5, 8, 12, 15, 19, 22, 26, 29, ആഗസ്റ്റ് 2, 5, 9, 12, 16, 19, 23, 26, 30, സെപ്റ്റംബർ 2, 6, 9, 13, 16, 20, 23, 27, 30 തീയതികളിൽ പരീക്ഷണ വെടിവയ്പ്പ് നടക്കുന്നതിനാൽ കടലിൽ പോകുന്നവരും നാവികരും ജാഗ്രത പാലിക്കണമെന്ന് ദക്ഷിണ നാവിക കമാൻഡ് അറിയിച്ചു.

## രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

കേരളത്തിൽ നിന്ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്ന മൂന്ന് അംഗങ്ങളുടെ കാലാവധി ജൂലൈ ഒന്നിന് അവസാനിക്കുന്നതിനെത്തുടർന്ന് ഒഴിവ് വരുന്ന മൂന്ന് സീറ്റുകളിലേക്ക് ഹാരിസ് ബീരാൻ (ഇൻഡ്യൻ യൂണിയൻ മുസ്ലീ ലീഗ്) , ജോസ് കെ.മാണി (കേരള കോൺഗ്രസ് (എം)), പി.പി. സുനീർ (കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ) എന്നീ സ്ഥാനാർഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി അറിയിച്ചു.

## ഗവേഷണ പദ്ധതിയിൽ ഒഴിവുകൾ

തിരുവനന്തപുരം പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന 'Functional exploration of therapeutic etiquettes of a novel group of antibiofilm agents against infectious human pathogens: molecular, proteomic and biophysical approach' എന്ന ഗവേഷണ പദ്ധതിയിൽ ജൂനിയർ പ്രോജക്ട് ഫെല്ലോ താത്ക്കാലിക ഒഴിവിൽ അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവാണുള്ളത്.

ബയോടെക്നോളജിയിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം. മനുഷ്യ പാത്തോജൻ കൈകാര്യം ചെയ്യുന്നതിലും മോളിക്യുലാർ ബയോളജി ടെക്നിക്കുകളിലുമുള്ള പരിചയം അഭികാമ്യം. ഫെല്ലോഷിപ്പ് പ്രതിമാസം 22,000 രൂപ. പ്രായം 01.01.2024 ൽ 36 വയസ് കവിയരുത്. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃതമുള്ള വയസിളവ് ലഭിക്കും.

താത്പര്യമുള്ളവർ വിശദമായ ബയോഡേറ്റ, യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്ക റ്റുകൾ എന്നിവയും അവയുടെ പകർപ്പുകളും സഹിതം തിരുവനന്തപുരം പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂൺ 26ന് രാവിലെ 10ന് കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.jntbgri.res.in.

## സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ മനേജിംഗ് ഡയറക്ടർ

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

യോഗ്യതയും വിശദ വിവരങ്ങളുംwww.prd.kerala.gov.in, www.hpwc.kerala.gov.in ൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30.

## ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ്/ ഡിപ്ലോമ പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം

സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഗവൺമെന്റ് അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സർട്ടിഫിക്കറ്റ് ഇൻ വേഡ് പ്രോസ്സസിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഡേറ്റാ എൻട്രി ഓപ്പറേറ്റർ, സർട്ടിഫിക്കറ്റ് ഇൻ ഡെസ്ക് ടോപ്പ് പബ്ലിഷിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം.

ഡിപ്ലോമ പ്രോഗ്രാമിന് ആറുമാസവും സർട്ടിഫിക്കറ്റ് കോഴ്സിന് മൂന്നു മാസവുമാണ് കാലാവധി. കോണ്ടാക്ട് ക്ലാസ്സുകളും പ്രോജക്ട് വർക്കും പഠനപരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും. 18 വയസ്സിനു മേൽ പ്രായ മുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. h-ttp-s://app.ar-co.in/r-e-g-i-ster എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവര ങ്ങൾ ഠഠഠ.ൃരരര.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവ സാന തീയതി 2024 ജൂൺ 30.

## സിഇടിയിൽ ഫിസിക്കൽ എഡ്യുക്കേഷൻ ഇൻസ്ട്രക്ടർ

തിരുവനന്തപുരം കോളജ് ഓഫ് എൻജിനിയറിങ്ങിൽ ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിലുള്ള ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ദിവസ വേതന നിരക്കിൽ ജോലി നോക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

അംഗീകൃത സർവകലാശാലയിൽ നിന്ന് ഫിസിക്കൽ എഡ്യുക്കേഷനിൽ ഡിഗ്രി/പിജി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായം 18 നും 60 നും മധ്യേ. താത്പര്യമുള്ള ഉദ്യോഗാർഥികൾ അപേക്ഷ ഫോമിന്റെ മാതൃക ഠഠഠ.രല.േമ ര.ശി എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പും സഹിതം ജൂൺ 21 ന് രാവിലെ 11 ന് അഭിമുഖത്തിന് ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

## ആർ സി സിയിൽ ഫാർമസിസ്റ്റ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാർ അടിസ്ഥാനത്തിൽ ഫാർമസസിറ്റ് തസ്തികയിൽ നിയമനത്തിനായി ജൂൺ 25ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക്: www.rcctvm.gov.in .

## എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റിൽ ഡിപ്ലോമ

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് (ഉഅങ) പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വദ്യേ://മ്പു.ൃരരര.ശി/ൃലഴശലേൃ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നേരിട്ടു ലഭിക്കും. ഫോൺ : 9846033001. ജൂൺ 30 ആണ് അപേക്ഷിക്കേണ്ട അവസാന തീയതി.

## സ്പോർട്സ് കൗൺസിലിൽ പരിശീലകർ

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ കനോയിങ് ആൻഡ് കയാക്കിങ്, റോവിങ്, ഫുട്ബോൾ, ഹോക്കി, ബാസ്കറ്റ്ബോൾ, ആർച്ചറി, വോളിബോൾ എന്നീ കായിക ഇനങ്ങളിൽ ഒഴിവുള്ള പരിശീലക തസ്തികകളിലേക്ക് താല്കാലിക കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട കായിക ഇനത്തിൽ എൻ.ഐ.എസ് യോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

യോഗ്യരായ ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 26നു രാവിലെ 10ന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നടക്കുന്ന വാക്ക്ഇൻഇന്റർവ്യൂവിൽ പങ്കെടുക്കണം. എൻ.ഐ.എസ് യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ ടഅക സർട്ടിഫിക്കറ്റ് കോഴ്സ് പാസായ ഉദ്യോഗാർഥികളെ ട്രെയിനർമാരായി പരിഗണിക്കും.

## ഗസ്റ്റ് അധ്യാപക അഭിമുഖം

ആറ്റിങ്ങൽ സർക്കാർ കോളജിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിനായി 202425 അധ്യയന വർഷത്തേക്കുള്ള ഗസ്റ്റ് അധ്യാപക നിയമനത്തിനായി അഭിമുഖം നടത്തുന്നു. കോളജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾ ജൂൺ 24നു രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ ആയത് ഉൾപ്പെടെ) പ്രിൻസിപ്പാൾ മുമ്പാകെ അഭിമുഖത്തിന് ഹാജരാകണം.

# നവീകരണാനുമതിയില്ല, സഞ്ചാരയോഗ്യമല്ലാതെ മൂർക്കനാട് സൗത്ത് ബണ്ട് റോഡ്

ഇരിങ്ങാലക്കുട: വർഷങ്ങളായി തകർന്നുകിടക്കുന്ന കരുവന്നൂർ മൂർക്കനാട് സൗത്ത് ബണ്ട് റോഡ് മഴ കനക്കും മുൻപേ അറ്റകുറ്റപ്പണി നടത്തുമോയെന്ന് ആശങ്ക. ലക്ഷങ്ങൾ പൂർത്തിയാക്കിയിട്ടും ഇന്നും സഞ്ചാരയോഗ്യമല്ലാതെ തുടരുകയാണ് ഈ റോഡ്. പ്രളയത്തിലും അതിനുശേഷവുമായി മൂന്നു തവണയാണ് ഇല്ലിക്കൽ ബണ്ട് റോഡ് ഇടിഞ്ഞുവീഴുകയും നവീകരണ വിധേയമാകുകയും ചെയ്തത്.

ഈ വർഷം പെയ്ത മഴയിൽ റോഡ് വീണ്ടും തകർന്ന് കുണ്ടും കുഴിയുമായി കിടക്കുകയാണ്. കാറളംതൃപ്രയാർഎടമുട്ടംകാട്ടൂർ എന്നീ പ്രദേശങ്ങളിലെ നൂറുകണക്കിന് യാത്രക്കാരും വാഹനങ്ങളും തൃശൂർകൊടുങ്ങല്ലൂർ സംസ്ഥാന പാതയിലേക്ക് എളുപ്പമെത്തുന്നതിനു ആശ്രയിക്കുന്ന റോഡാണിത്. മുൻ എം. എൽ. എ തോമസ് ഉണ്ണിയാടൻറെ ശ്രമഫലമായി രണ്ടുകോടി ഏഴു ലക്ഷം രൂപ ചെലവിട്ട് നിർമിക്കുകയും, 2022 ൽ മാത്രം 17 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത റോഡാണ് രണ്ടു വർഷം തികയും മുന്നേ വീണ്ടും തകർന്നത്.

റോഡിൽ ഉണ്ടാകുന്ന കുണ്ടും കുഴികളും താത്കാലിക സംവിധാനങ്ങൾ ഉപയോഗിച്ച് മൂടുന്നതല്ലാതെ ഇതുവരെയും ശ്വാശതവും പൂർണവുമായ നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ലായെന്നും അധികൃതർ തികഞ്ഞ അനാസ്ഥയാണ് കാണിക്കുന്നതെന്നുമാണ് നാട്ടുകാരുടെ കുറ്റപ്പെടുത്തൽ.

കഴിഞ്ഞ വർഷം സമരം നടത്തിയപ്പോൾ റോഡിന് ആവശ്യമായ തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി ഉറപ്പു നൽകിയിരുന്നതായി നാട്ടുക്കാർ പറഞ്ഞു. എന്നാൽ ഇതുവരെയായിട്ടും അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടില്ല.

അടിയന്തരമായി റോഡ് അറ്റകുറ്റപ്പണികൾ നടത്തി യാത്രാദുരിതം പരിഹരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അതേസമയം പൂർണമായും റീ ടാറിടുന്നതിനായി സമർപ്പിച്ച പദ്ധതികൾക്ക് ഇതുവരെയും അനുമതി ലഭിച്ചിട്ടില്ലെന്ന് ഇറിഗേഷൻ വകുപ്പ് വ്യക്തമാക്കി.

കഴിഞ്ഞ വർഷം 85 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നു. ഈ വർഷം ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പദ്ധതി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുമതി ലഭിച്ചാൽ റോഡ് ടാറിടുമെന്ന് ഇറിഗേഷൻ വകുപ്പ് വ്യക്തമാക്കി.

# പൊതുപരീക്ഷാ മൂല്യനിർണയ രീതിയിൽ മാറ്റങ്ങൾ അനിവാര്യം: ഡോ. പി. എ. ഫസൽ ഗഫൂർ

പെരിന്തൽമണ്ണ: എല്ലാവർക്കും മാർക്ക് വാരിക്കോരി കൊടുത്ത് ഫുൾ എ പ്ലസ് ലഭിക്കുന്നവരെ സൃഷ്ടിക്കുന്നതിലുപരി അറിവുള്ളവർക്കും അർഹതപ്പെട്ടവർക്കും മാത്രം അംഗീകാരം നൽകുന്ന മാറ്റം വിദ്യാഭ്യാസ രംഗത്ത് അനിവാര്യമാണെന്ന് എംഇഎസ് പ്രസിഡൻറ് ഡോ. പി. എ. ഫസൽ ഗഫൂർ.

എംഇഎസ് സ്കൂൾ എഡ്യൂക്കേഷൻ ബോർഡ് എംഇഎസ് മെഡിക്കൽ കോളജ് പെരിന്തൽമണ്ണയിൽ വച്ച് സംഘടിപ്പിച്ച അനിമോദന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിബിഎസ്ഇ സ്കൂളുകളിലെ മികച്ച വിജയം കരസ്ഥമാക്കിയ സ്കൂളുകളെയും വിദ്യാർഥികളെയും അനുമോദിച്ച ചടങ്ങിൽ എംഇഎസ് സ്കൂൾ എഡ്യൂക്കേഷൻ ബോർഡ് ചെയർമാൻഡോ. കെ. പി. അബൂബക്കർ അധ്യക്ഷത വഹിച്ചു.

സിബിഎസ്ടി, പ്ലസ് ടു പൊതുപരീക്ഷയിൽ എംഇഎസ് സ്കൂളുകളിൽ മികച്ച വിജയം കരസ്ഥമാക്കിയ എംഇഎസ് കുറ്റിപ്പുറം, എംഇഎസ് തിരൂർ, എംഇഎസ് ചാത്തമംഗലം, സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ എംഇഎസ് ഓർക്കാട്ടേരി, എംഇഎസ് പുത്തനത്താണി,

എംഇഎസ് കുറ്റിപ്പുറം സ്കൂളുകൾക്കുള്ള പുരസ്കാരവും എംഇഎസ് സ്കൂളുകളിൽ നിന്നും ഏറ്റവും മികച്ച വിജയം കൈവരിച്ച വിദ്യാർഥികൾക്കുള്ള ഗോൾഡ് മെഡലും ഫസൽ ഗഫൂർ വിതരണം ചെയ്തു.

എംഇഎസ് സ്റ്റേറ്റ് ട്രഷറർ ഒ. സി. സലാവുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. എഡ്യൂക്കേഷൻ ബോർഡ് ഡയറക്ടർ ബാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. എംഇഎസ് മലപ്പുറം ജില്ലാ പ്രസിഡൻറ് കെ. മുഹമ്മദ് ഷാഫി, ഡോ. മുജീബ് റഹ്മാൻ,ശറഫുദ്ധീൻ തെയ്യമ്പാട്ടിൽ പുത്തനത്താണി, അബൂബക്കർ മാസ്റ്റർ കൊടുവള്ളി, പി. പി. മൊയ്തീൻ,അബ്ദുൽ കാദർ ഷെരിഫ്, കെ. മൊയ്തീൻ, മുഹമ്മദ് സലിം, മുഹമ്മദ് കാസിം, മൊയ്തു മാസ്റ്റർ, ഡോ. അബ്ദുൽ ഗഫൂർ, ഒ. ഷമീർ, ഷാജി വാണിയമ്പലം, എഡ്യൂക്കേഷൻ ബോർഡ് സെക്രട്ടറി കെ. എം. ഡി. മുഹമ്മദ്, ജോയിൻറ് സെക്രട്ടറി ടി. വി. അലി എന്നിവർ സംബന്ധിച്ചു.

# കെഎസ്ആർടിസി 220 ബസുകൾ വാങ്ങുന്നു: ടെൻഡർ നടപടി തുടങ്ങി

ചാത്തന്നൂർ: കെഎസ് ആർടിസി 220 പുതിയ ബസുകൾ വാങ്ങുന്നു ഇതിനുള്ള ടെൻഡർ നടപടികൾ തുടങ്ങി. ഫുൾ ബോഡിയോട് കൂടിയ 10. 5 മീറ്റർ നീളമുള്ള നോൺ എസി ബസുകൾ ആണ് വാങ്ങുന്നത്. നാല് സിലിണ്ടർ ഡീസൽ ബസുകൾ ബി എസ് ഢക സിരിസി ൽ പെട്ടതായിരിക്കണം. മൂന്ന് വർഷമോ അല്ലെങ്കിൽ 4 ലക്ഷം കിലോമീറ്ററോ കമ്പനി വാറൻറി ഉറപ്പാക്കണം. ഹ്രസ്വ ദൂര ഫാസ്റ്റ് പാസഞ്ചർ സർവീസ് നടത്താനാണ് ഈ ബസുകൾ വാങ്ങുന്നത്.

1,000 പുതിയ ബസുകൾ വാങ്ങാനുള്ള കെഎസ്ആർടിസിയുടെ ശ്രമത്തിൻറെ ഭാഗമായാണ് ആദ്യഘട്ടമെന്ന നിലയിൽ 220 ബസുകൾ വാങ്ങുന്നത്. 2016 നുശേഷം ഇപ്പോഴാണ് പുതിയ ബസ് വാങ്ങാൻ കെഎസ്ആർടിസി നീക്കം നടത്തുന്നത്. നിലവിൽ കെ എസ് ആർ ടിസിയ്ക്കുള്ള ബസുകളെല്ലാം പഴഞ്ചൻ ബസുകളാണ്. പലതും 15 വർഷമോ അതിലധികമോ പഴക്കമുള്ളതും റോഡ് സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതുമാണ്.

കെഎസ്ആർടിസിയുടെ കട ബാധ്യതകുറഞ്ഞു വരുന്ന സാഹചര്യത്തിലാണ് ബസ് വാങ്ങാൻ തയാറെടുത്തത്. 3,500 കോടിയായിരുന്ന ബാങ്ക് കൺസോർഷ്യത്തിൻറെ വായ്പ കുടിശ്ശിക ഇപ്പോൾ 2,900 കോടിയായി കുറഞ്ഞു.

സിബൽസ് കോർഡി ഗ്രേഡിൽ നിന്നും സിഗ്രേഡായി ഉയരുകയും ചെയ്തു. 1,000 പുതിയ ബസ് വാങ്ങാൻ 300 കോടി ബാങ്ക് വായ്പ എടുക്കാനാണ് നീക്കം. ഇതിന്സർക്കാർ ഗ്യാരൻറിയും കെ എസ് ആർടിസിയുടെ ആസ്തികൾ പണയമായും ബാങ്കിന് നല്കണം. അതിന് കെഎസ്ആർടിസി സന്നദ്ധമാണ്.

കെ. ബി. ഗണേശ് കുമാർ വകുപ്പ് മന്ത്രിയായി എത്തിയ ശേഷമാണ് പുതിയ ബസുകൾ വാങ്ങാനുള്ള ആശയം തന്നെ സജീവമായത്. ഒരു കോടിയിലേറെ രൂപ വിലയുള്ള ഇലക്ട്രിക് ബസുകൾ വാങ്ങുന്ന പണം കൊണ്ട് മൂന്ന് ഡീസൽ ബസുകൾ വാങ്ങാമെന്ന നിലപാടാണ് ഗണേശ് കുമാറിൻറേത്. മന്ത്രിയുടെ ഈ നിലപാട് വിവാദമായിട്ടുണ്ട്.

# തെരഞ്ഞെടുപ്പ് കഴിഞ്ഞു, ജോലി ചെയ്തവർക്ക് പ്രതിഫലത്തിനായി കാത്തിരിപ്പ്

കാസർഗോഡ്: തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഓരോ മണ്ഡലത്തിലും തെരഞ്ഞെടുപ്പു ജോലികൾ ചെയ്തവർക്ക് നല്കാനുള്ള പ്രതിഫലത്തുക അതത് റിട്ടേണിംഗ് ഓഫീസർമാർക്ക് കൈമാറി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥർ മടങ്ങി.

തെരഞ്ഞെടുപ്പു ദിനത്തിൽ പോളിംഗ് ബൂത്തുകളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് ദിനബത്തയും ഭക്ഷണച്ചെലവും മറ്റുമടങ്ങുന്ന പ്രതിഫലം നേരിട്ടുതന്നെ നല്കി. പക്ഷേ ജില്ലയിൽ തെരഞ്ഞെടുപ്പിൻറെ വിജ്ഞാപനം വന്നതുമുതൽ പോളിംഗ് കഴിയുന്നതുവരെ വിവിധ അനുബന്ധജോലികൾക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിലേറെയും ഇപ്പോഴും പ്രതിഫലത്തിനായി കാത്തിരിക്കുകയാണ്.

ഒരു മാസത്തെ ദിനബത്തയും യാത്രാച്ചെലവും ഭക്ഷണച്ചെലവുമൊക്കെയായി മുപ്പതിനായിരത്തോളം രൂപയാണ് ഓരോരുത്തർക്കും കിട്ടാനുള്ളത്. മിക്കവരെയും ജോലിസ്ഥലത്തുനിന്ന് അകലെയുള്ള സ്ഥലങ്ങളിലാണ് നിയോഗിച്ചത്. യാത്രാച്ചെലവും ഭക്ഷണച്ചെലവും താമസച്ചെലവുമെല്ലാം സ്വന്തം കൈയിൽനിന്ന് തന്നെയായിരുന്നു. ഓരോ നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് സ്ഥാനാർഥികളുടെ തെരഞ്ഞെടുപ്പ് ചെലവ്, പെരുമാറ്റച്ചട്ട ലംഘനം, വോട്ടർമാരെ സ്വാധീനിക്കാനുള്ള ശ്രമം തുടങ്ങിയവയെല്ലാം നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുകയായിരുന്നു ഇവരുടെ ചുമതല.

തെരഞ്ഞെടുപ്പ് യോഗങ്ങളുടെ വീഡിയോ ചിത്രീകരണം, പോസ്റ്ററുകളുടെ നിരീക്ഷണം, സാമൂഹ്യമാധ്യമ നിരീക്ഷണം, ചെലവ് കണക്കാക്കൽ തുടങ്ങിയവയെല്ലാം ഇവരുടെ ജോലിയായിരുന്നു. മിക്കപ്പോഴും അവധിദിനങ്ങളിൽ പോലും ജോലിചെയ്യേണ്ടിവന്നു. ജോലിസ്ഥലത്തുനിന്ന് മാറി മറ്റു നിയമസഭാ മണ്ഡലങ്ങളിലേക്ക് നിയോഗിക്കപ്പെട്ടവർ ഒരു മാസത്തോളം കാലം അവിടെ തന്നെ താമസിക്കേണ്ടിവന്നു.

പോളിംഗ് തീരുന്നതുവരെയുള്ള ചുമതലകൾ നിർവഹിച്ച് അടുത്ത ദിവസം രാവിലെ മാത്രമാണ് മിക്കവരും വീടുകളിലെത്തിയത്. ഇതെല്ലാം കഴിഞ്ഞ് ഇപ്പോൾ ഒന്നര മാസത്തോളമായിട്ടും പ്രതിഫലം കിട്ടിയില്ലെന്നതാണ് ഇവരുടെ വിഷമം. എല്ലാവർക്കുമുള്ള പ്രതിഫലം ഒരുമിച്ചു തന്നെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ ഭരണകൂടത്തിന് കൈമാറിയത്. പക്ഷേ പോളിംഗ് ബൂത്തുകളിൽ ജോലി ചെയ്തവർക്കു മാത്രം നേരിട്ട് നല്കുകയും മറ്റുള്ളവരുടേത് പിന്നീട് നല്കുന്നതിനായി മാറ്റിവയ്ക്കുകയുമായിരുന്നുവെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

എല്ലാവരുടേയും പ്രതിഫലം ചേർത്ത് വലിയ തുകയാകുന്നതിനാൽ ട്രഷറിയിൽ നിന്ന് ബില്ല് മാറാൻ തടസമുണ്ടെന്നാണ് ഇപ്പോൾ പറയുന്ന വിശദീകരണം. അതിന് സംസ്ഥാന ഖജനാവിൽ നിന്നുള്ള തുകയല്ലല്ലോ, തെരഞ്ഞെടുപ്പ് കമ്മീഷൻ തന്ന തുകയല്ലേ എന്ന് ഉദ്യോഗസ്ഥരും ചോദിക്കുന്നു.

മറ്റു പല ജില്ലകളിലും തെരഞ്ഞെടുപ്പ് ജോലി ചെയ്ത എല്ലാവർക്കുമുള്ള പ്രതിഫലം ഇതിനകം നല്കിക്കഴിഞ്ഞു. കാസർഗോഡ് ഉൾപ്പെടെ ഏതാനും ജില്ലകളിൽ മാത്രമാണ് സാങ്കേതിക തടസങ്ങൾ പറഞ്ഞ് പ്രതിഫലം പിടിച്ചുവയ്ക്കുന്നത്.ഇനി ചെയ്ത ജോലിക്ക് പ്രതിഫലം കിട്ടണമെങ്കിൽ ബില്ലും വൗച്ചറുമെല്ലാം തയ്യാറാക്കി കൊടുക്കേണ്ടിവരുമോ എന്ന ആശങ്കയിലാണ് ഇപ്പോൾ പലരും.

# സമഗ്ര ആദിവാസി വികസന പദ്ധതി വിലയിരുത്താൻ നബാർഡ് സംഘമെത്തി

എണ്ണപ്പാറ : നബാർഡിൻറെ ആദിവാസി വികസന ഫണ്ടിൽ പെടുത്തി സെൻറർ ഫോർ റിസർച്ച് ആൻറ് ഡെവലപ്മെൻറ് (സിആർഡി) കോടോംബേളൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് പഠിക്കുന്നതിനായി നബാർഡ് സംഘം സന്ദർശനം നടത്തി.

വിവിധ സംസ്ഥാനങ്ങളിലെ 27 നബാർഡ് ഓഫീസർമാരാണ് ഡെപ്യൂട്ടി ജനറൽ മാനേജർ വൈദ്യനാഥ് സിംഗ് നയിച്ച സംഘത്തിലുണ്ടായിരുന്നത്. മംഗളുരുവിലെ നബാർഡ് പരിശീലന കേന്ദ്രമായ ബോർഡിൽ നടക്കുന്ന പരിശീലന പരിപാടിയുടെ ഭാഗമായിരുന്നു സന്ദർശനം. നബാർഡിൻറെ സഹായത്തോടെ സിആർഡി നടപ്പിലാക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതി നിർവഹണ രീതി മനസിലാക്കുകയായിരുന്നു ലക്ഷ്യം.

2023 മാർച്ചിൽ ആരംഭിച്ച പദ്ധതി പ്രവർത്തനം 2028 ൽ പൂർത്തീകരിക്കും. 4.26 കോടി രൂപ ആകെ ചെലവ് വരുന്ന പദ്ധതിയിൽ 3.24 കോടി രൂപ നബാർഡ് ഗ്രാൻറും 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതവും ബാങ്ക് വായ്പയുമാണ്. ദീർഘകാല വിളകളായ തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് കൃഷിയോടൊപ്പം ഇടവിളയായി ചേന, മഞ്ഞൾ, പച്ചക്കറികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി.

ആട് വളർത്തൽ, പശു വളർത്തൽ, തേനീച്ച കൃഷി തുടങ്ങിയ വ്യക്തിഗത ജീവനോപാധി പ്രവർത്തനങ്ങളും ഗ്രൂപ്പ് സംരംഭങ്ങളായ ഡിന്നർസെറ്റ്,വനിത തയ്യൽ യൂണിറ്റ്, കുട നിർമാണ യൂണിറ്റ്, യന്ത്രവൽകൃത കിണർ നിർമാണ യൂണിറ്റ്, ചൂരൽ തടുപ്പ നിർമാണം, കോഴിഫാം, വനിതാ ശിങ്കാരിമേളം തുടങ്ങിയവയും കേരള ഗ്രാമീണ ബാങ്കിൻറെ കാലിച്ചാനടുക്കം ബ്രാഞ്ചിൽ നിന്നും 20 ലക്ഷം രൂപ വായ്പയെടുത്ത് ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

വിവിധ തൊഴിൽ സംരംഭങ്ങളും കൃഷിയിടങ്ങളും സംഘം സന്ദർശിച്ചു. സിആർഡി ഡയറക്ടർ ഡോ.സി.ശശികുമാർ, പ്രോജക്ട് മാനേജർ കെ.എ.ജോസഫ്, പദ്ധതിതല ആദിവാസി വികസന സമിതി പ്രസിഡൻറ് രമേശൻ മലയാറ്റുകര, സെക്രട്ടറി എം.പത്മനാഭൻ എന്നിവർ നേതൃത്വം നൽകി.

## തൊഴിലുറപ്പ് തൊഴിലാളികൾ പട്ടിണിയിൽ

വടക്കാഞ്ചേരി: നഗരസഭകളിലെ അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി പ്രതിസന്ധിയിൽ. സംസ്ഥാന സർക്കാർ നേരിട്ടുനടത്തുന്ന പദ്ധതിക്കു നഗരസഭകളിൽ നിന്ന് അയയ്ക്കുന്ന വാർഷികപദ്ധതി അനുസരിച്ച് പകുതി പണംപോലും ലഭിക്കുന്നില്ല. പഞ്ചായത്തുകളിൽ നാലുകോടി രൂപവരെ തൊഴിലുറപ്പു പദ്ധതിക്കായി ചെലവഴിക്കുമ്പോൾ നഗരസഭകൾക്കു രണ്ടുകോടി രൂപ മാത്രമാണു ലഭിച്ചിരുന്നത്. കഴിഞ്ഞ വർഷം ട്രഷറി നിയന്ത്രണത്തിൻറെ പേരിൽ അവസാനത്തെ ഗഡു ചെലവു ചെയ്യാൻ കഴിഞ്ഞില്ല. 2017 മുതൽ പിഎംജിഎസ്വൈ വീടു നിർമാണത്തിനു തൊഴിലുറപ്പു പദ്ധതിയിൽ നിന്ന് അധികസഹായമായി കൊടുത്തിരുന്ന 40, 000 രൂപ കുറച്ചുപേർക്കു മാത്രമാണു നൽകാൻ സാധിച്ചത്. ഈ ഇനത്തിൽ കോടികൾ കുടിശികയാണ്.

നഗരസഭകളിലെ ഒരുലക്ഷത്തോളം തൊഴിലാളികൾ പ്രതിസന്ധിയിലാണ്. നഗരസഭകളിൽ അടിയന്തരമായി നടക്കേണ്ട മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ തടസപ്പെട്ടിരിക്കുകയാണ്. തൊഴിലുറപ്പു പദ്ധതിയെ ആശ്രയിച്ചു ജീവിച്ചിരുന്ന തൊഴിലാളികൾ വരുമാനവുമില്ലാതെ വിഷമിക്കുകയാണ്.

തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ പണം ഉടൻ അനുവദിക്കാത്തപക്ഷം തൊഴിലുറപ്പു നിയമം അനുസരിച്ച് സർക്കാരിനെതിരെ നിയമനടപടി ആലോചിക്കുന്നതായി ഡിസിസി സെക്രട്ടറിയും വടക്കാഞ്ചേരി നഗരസഭ പ്രതിപക്ഷ നേതാവുമായ കെ. അജിത്കുമാർ പറഞ്ഞു.

## സംസ്ഥാനപാതയിലെ മരണക്കുഴിയടച്ച് പ്രതിഷേധസമരം

കേച്ചേരി: തൃശൂർ കുന്നംകുളം സംസ്ഥാനപാതയുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പാറന്നൂർ മൂന്നാം വാർഡ് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ സമരം നടത്തി. ചൂണ്ടൽ മുതൽ മഴുവഞ്ചേരി വരെയുള്ള സംസ്ഥാനപാതയിലെ മരണക്കുഴികൾ അടച്ചുകൊണ്ടാണു പ്രതിഷേധിച്ചത്.

ഈ പാതയിൽ വാഹനാപകടങ്ങൾ നിത്യസംഭവമായതിനാലും നീണ്ട ഗതാഗതക്കുരുക്കി നാൽ വലയേണ്ടി വരുന്നതിനാ ലുമായിരുന്നു ഈ വേറിട്ട സമരം. ചൂണ്ടൽ ഗ്രാമപഞ്ചായത്തി ൻറെയും സ്ഥലം എംഎൽഎയുടെയും പിഡബ്ല്യുഡിയുടെയും അനാസ്ഥയ്ക്കെതിരെയാണ് പ്രതിഷേധ സമരം സംഘടിപ്പിച്ചത്.

ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രതിപക്ഷനേതാവ് ആൻറോ പോൾ ഉദ്ഘാടനം ചെയ്തു. പാറന്നൂർ മൂന്നാം വാർഡ് കോൺഗ്രസ് പ്രസിഡൻറ് ഒ. എം. ഷാജി അധ്യക്ഷതവഹിച്ചു.

പഞ്ചായത്ത് മെമ്പർ ധനീഷ് ചുള്ളിക്കാട്ടിൽ, മുൻ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെയ്സൺ ചാക്കോ, മുൻ പഞ്ചായത്ത് മെമ്പർ എ. കെ. ജെയിംസ്, പി. വി. റാഫി, യു. എം. പ്രസാദ് എന്നിവർ നേതൃത്വം നല്കി. റോഡിൻറെ ദുർഗതിക്ക് ഉടൻ പരിഹാരം കണ്ടില്ലെങ്കിൽ തുടർസമരപരിപാടികൾ ആവിഷ്കരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# കടൽമീനുകൾക്കു തീവില; വളർത്തു മത്സ്യങ്ങൾക്കു ഡിമാൻഡ് വർധിക്കുന്നു

കൽപ്പറ്റ: കടൽമീനുകളുടെ തീവില വളർത്തുമത്സ്യങ്ങളുടെ ഡിമാൻഡ് വർധിക്കുന്നതിനു സഹായകമായി. മത്സ്യമാർക്കറ്റുകളിൽ വളർത്തുമത്സ്യങ്ങളും ഭേദപ്പെട്ട നിലയിൽ വിറ്റഴിയുന്നുണ്ട്. ഡിമാൻഡ് വർധിച്ചപ്പോൾ വളർത്തുമത്സ്യങ്ങളുടെ വില കൂടി. ഇത് ശുദ്ധജല മത്സ്യക്കർഷകർക്ക് ഒരളവോളം ആശ്വാസമായി.

കുടുംബ ബജറ്റിൻറെ താളം തെറ്റിക്കുന്ന വിധത്തിലാണ് സമീപകാലം കടൽ മത്സ്യങ്ങളുടെ വില കുതിച്ചുകയറിയത്. മത്തി കിലോഗ്രാമിനു 300 രൂപയാണ് ഇപ്പോൾ മത്സ്യ വിപണികളിൽ ശരാശരി വില. ട്രോളിംഗ് നിരോധനം പ്രാബല്യത്തിലാകും മുന്പ് മത്തി കിലോഗ്രാമിനു 230240 രൂപയായിരുന്നു വില. ഇതാണ് 300 രൂപയിലേക്ക് എത്തിയത്.

അയല ഉൾപ്പെടെ മറ്റു കടൽമീൻ ഇനങ്ങളുടെ വിലയും ചെറിയ വരുമാനക്കാർക്കു വാങ്ങാൻ കഴിയാത്ത വിധമാണ് വർധിച്ചത്. വെള്ളൂരി, അയല എന്നിവയ്ക്കു 300 ഉം മാന്തൽ 400 ഉം കൊഞ്ച് 460 ഉം രൂപയാണ് കിലോഗ്രാമിനു വില.

ജില്ലയിലെ മിക്ക ചെറുകിട ഹോട്ടലുകളിലും മെസ് ഹൗസുകളിലും മത്തിയും അയലയും കറിവച്ചതും വറുത്തതും കിട്ടാത്ത സ്ഥിതിയാണ്. ഉപഭോക്താക്കൾക്കു സ്വീകാര്യമായ വിലയിൽ നൽകാൻ കഴിയാത്തതിനാലാണ് മത്തിയും അയലയും മറ്റും പാകം ചെയ്ത് വിൽപനയ്ക്കു വയ്ക്കാത്തതിനു കാരണമെന്ന് ചെറുകിട ഹോട്ടൽ, മെസ് ഹൗസ് ഉടമകൾ പറയുന്നു.

ഉപജീവനമാർഗമെന്ന നിലയിൽ മത്സ്യക്കൃഷി നടത്തുന്ന നിരവധിയാളുകൾ ജില്ലയിലുണ്ട്. കട്‌ല, രോഹു, ചെന്പല്ലി, ഗ്രാസ് കാർപ്, അസംവാള, ഗിഫ്റ്റ് തിലാപ്പിയ, ചിത്രാലാട, ചെന്പല്ലി, വരാൽ, കാളാഞ്ചി തുടങ്ങിയ മീൻ ഇനങ്ങളാണ് കർഷകർ ചെറുതും വലുതും അടക്കം കുളങ്ങളിൽ വളർത്തുന്നത്.

2005 മുതൽ ഫിഷറീസ് വകുപ്പും മറ്റ് ഏജൻസികളും നടത്തിയ ഇടപെടലുകളാണ് ജില്ലയിൽ ശുദ്ധജല മത്സ്യക്കൃഷി വ്യാപനത്തിനു വഴിയൊരുക്കിയത്. ജലസേചനത്തിനു നിർമിച്ച കുളങ്ങളിൽ ഉദ്യോഗസ്ഥരുടെ നിർബന്ധത്തിനു വഴങ്ങി മീൻ കൃഷി തുടങ്ങിയ കർഷകർ കൈവശഭൂമിയിൽ കൂടുതൽ കുളങ്ങൾ നിർമിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതാണ് പിന്നീടുകണ്ടത്. നാലും അഞ്ചും കുളങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നവർ ജില്ലയിലുണ്ട്.

200607ൽ 128 ടൺ ആയിരുന്നു ജില്ലയിൽ ശുദ്ധജല മത്സ്യോത്പാദനം. ഏകദേശം 50 ഹെക്ടറിലായിരുന്നു കൃഷി. നിലവിൽ ജില്ലയിൽ ഏകദേശം 400 ഹെക്ടറിൽ മത്സ്യക്കൃഷിയുണ്ട്. 5000നു അടുത്താണ് മത്സ്യക്കർഷകരുടെ എണ്ണം. ഏകദേശം 450 ടൺ ആണ് പ്രതിവർഷ മത്സ്യ ഉത്പാദനം. കുളങ്ങൾക്കു പുറമേ പ്രവർത്തനം നിലച്ച ക്വാറികളിലെ വെള്ളക്കെട്ടുകളിലും റിസർവോയറുകളിലും മീൻകൃഷിയുണ്ട്. ഏതാനും വർഷത്തിനിടെ ജില്ലയിൽ വളർത്തുമത്സ്യങ്ങളുടെ ഡിമാൻഡിൽ വൻഇടിവ് സംഭവിച്ചിരുന്നു. ഇത് വില കുത്തനെ കുറയുന്നതിനു കാരണമായി. അസംവാള, ഗിഫ്റ്റ് തിലാപ്പിയ, ചെന്പല്ലി തുടങ്ങിയ ഇനങ്ങൾക്ക് കിലോഗ്രാമിനു ശരാശരി 300 രൂപ വില ലഭിച്ചിരുന്നു. വരാൽ, കാളാഞ്ചി തുടങ്ങിയ ഇനങ്ങൾക്കു കിലോഗ്രാമിനു 500 രൂപയ്ക്കും മുകളിലായിരുന്നു വില.

എന്നാൽ പിന്നീട് മിക്ക ഇനം മീനുകളുടെയും വില കിലോഗ്രാമിനു 150200 രൂപയായി കുറഞ്ഞു. ശുദ്ധജലാശയങ്ങളിൽനിന്നു എത്തുന്ന മത്സ്യങ്ങൾക്കു രുചിയും ഗുണനിലവാരവും കുറവാണെന്ന അഭിപ്രായം ഉപഭോക്താക്കൾക്കിടയിൽ പ്രചരിച്ചതാണ് ഡിമാൻഡ് കുറയാൻ കാരണമായതെന്നു പൊഴുതനയിലെ മത്സ്യക്കർഷകൻ അബ്ദുൾ റഷീദ് പറഞ്ഞു.

അശാസ്ത്രീയമായും കോഴിവേസ്റ്റും മറ്റും തീറ്റയായി നൽകിയും നടത്തുന്ന കൃഷിയാണ് മത്സ്യങ്ങളുടെ രുചിക്കുറവിനും അതുവഴി ഡിമാൻഡ് നഷ്ടത്തിനും ഇടയാക്കിയതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

കടൽമീൻ ഇനങ്ങൾ പ്രാദേശിക വിപണികളിൽ നന്നായി വിറ്റഴിയുന്പോൾ ശുദ്ധജലാശയങ്ങളിൽ വിളയുന്ന മത്സ്യങ്ങളോടു ഉപഭോക്താക്കൾ മുഖം തിരിക്കുന്ന സാഹചര്യമാണ്. ഇതിനാണ് കടൽമീനുകളുടെ വിലക്കയറ്റത്തോടെ മാറ്റമായത്. നിലവിൽ വളർത്തുമത്സ്യങ്ങൾക്ക് കിലോഗ്രാമിനു 180300 രൂപ വിലയുണ്ട്. കരിമീനാണ് 300 രൂപയ്ക്കു വിറ്റുപോകുന്നത്.

## ഓൺലൈൻ തട്ടിപ്പ്; കണ്ണൂർ സ്വദേശിയുടെ 16 ലക്ഷം നഷ്ടമായി

കണ്ണൂർ: പണം നിക്ഷേപിച്ചാൽ കൂടുതൽ ലാഭം ലഭിക്കുമെന്ന പരസ്യത്തിൻറെ ലിങ്കിൽ കയറിയ യുവാവിനു ലക്ഷങ്ങൾ നഷ്ടമായി. കക്കാട് അത്താഴകുന്ന് സ്വദേശിയായ 41 കാരനാണ് പണം നഷ്ടമായത്. സോഷ്യൽ മീഡിയ വഴി കണ്ട പരസ്യത്തിൻറെ ലിങ്കിൽ കയറി മറുപടി കൊടുക്കുകയായിരുന്നു. തുടർന്ന് തട്ടിപ്പ് സംഘം ആദ്യം കുറച്ച് പണം നിക്ഷേപിക്കാൻ ആവശ്യപ്പെട്ടു. അതിൻറെ ലാഭ വിഹിതം തിരിച്ച് നൽകി. പിന്നീട് ഇരട്ടി തുക നിക്ഷേപിക്കാൻ ആവശ്യപ്പെടുകയായിരുന്നു. കഴിഞ്ഞ മാസം മൂന്നുമുതൽ 29 വരെ 16,88,000 രൂപ സംഘം തട്ടിയെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# മന്ത്രി വീണാ ജോർജിന്റെ കുവൈറ്റ് യാത്ര നിഷേധിച്ച നടപടിക്കെതിരെ പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി

മംഗഫിലുണ്ടായ തീപിടിത്ത ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജിന് കുവൈറ്റ് യാത്രയ്ക്കുള്ള പൊളിറ്റിക്കൽ ക്ലിയറൻസ് നിഷേധിച്ച കേന്ദ്ര സർക്കാർ നടപടിക്കെതിരെ പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കുവൈറ്റിലെ മംഗഫിൽ 2024 ജൂൺ 12 നുണ്ടായ ദുരന്തത്തിൽ ജീവൻ നഷ്ടമായവരിൽ പകുതിയും കേരളീയരായിരുന്നുവെന്നും അതിനാലാണ് ദുരന്തത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്ത് സംസ്ഥാനത്തെ ഒരു മന്ത്രിയെത്തന്നെ കുവൈറ്റിലേക്ക് അയക്കുവാൻ കേരള മന്ത്രിസഭ തീരുമാനിച്ചതെന്നും മുഖ്യമന്ത്രി കത്തിൽ സൂചിപ്പിച്ചു. കേരള ആരോഗ്യ മന്ത്രിയുടെ കുവൈറ്റിലെ സാന്നിധ്യം അവിടെ അതിനകം എത്തിയിരുന്ന കേന്ദ്ര വിദേശകാര്യ സഹമന്ത്രിയോടും മറ്റ് അധികാരികളോടും ഇന്ത്യൻ എംബസിയോടും ബന്ധപ്പെട്ട് നടപടികൾ ഏകോപിപ്പിക്കുന്നതിന് സഹായകരമാകുമായിരുന്നു.

ദുരന്തത്തിനിരയായവരുടെ കുടുംബാംഗങ്ങൾക്ക് മാനസിക പിന്തുണയും ആത്മവിശ്വാസവും ഉറപ്പാക്കുന്നതിനും സഹായകമാകുമായിരുന്നു. എന്നാൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ലഭ്യമാകാതിരുന്നത് മൂലം കേരള ആരോഗ്യമന്ത്രിയുടെ കുവൈറ്റ് സന്ദർശനം നടക്കാതെ പോയത് അത്യന്തം ദൗർഭാഗ്യകരമാണ്.

സംസ്ഥാന സർക്കാർ എന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് കേന്ദ്രസർക്കാർ പൊളിറ്റിക്കൽ ക്ലിയറൻസ് നിരസിക്കുന്നത് തടസ്സമാകുന്നുവെന്നും മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. 2023 ഫെബ്രുവരി 28ലെ ക്യാബിനെറ്റ് സെക്രട്ടറിയേറ്റ് ഓഫീസ് മേമ്മോറാണ്ടം പ്രകാരമാണ് പൊളിറ്റിക്കൽ ക്ലിയറൻസിനായി അപേക്ഷിച്ചതെന്നും കേരള മന്ത്രിസഭ കൂട്ടായെടുത്ത തീരുമാനം അവമതിക്കപ്പെട്ടുവെന്നും മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് സൂചിപ്പിച്ചു. ഈ അപേക്ഷ പരിഗണിക്കാതിരുന്ന നടപടി വികസനോദ്യമങ്ങളിലും ദുരന്തവേളകളിൽ ജനങ്ങൾക്ക് ആശ്വാസം ഉറപ്പാക്കാൻ എടുക്കേണ്ട നടപടികളിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഐക്യമനോഭാവത്തോടെ ആയിരിക്കണമെന്ന സഹകരണാത്മക ഫെഡറലിസത്തിന്റെ സത്തയ്ക്ക് കടകവിരുദ്ധമാണ്. ഇത്തരം വേളകളിൽ പൊളിറ്റിക്കൽ ക്ലിയറൻസ് നൽകുന്നതിന് രാഷ്ട്രീയമോ രാഷ്ട്രീയേതരമോ ആയ ഒരു തടസ്സങ്ങളും ഉണ്ടാകരുത് എന്ന വസ്തുത പ്രധാനമന്ത്രി മനസ്സിലാക്കുമെന്നു കരുതുന്നു.

ആരോഗ്യകരമായ സഹകരണാത്മക ഫെഡറലിസം ഉറപ്പുവരുത്താൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പരസ്പര ബഹുമാനവും വിശ്വാസവും അനിവാര്യമായതിനാൽ ഭാവിയിൽ ഇത്തരം അവസരങ്ങളിൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയം സംസ്ഥാനങ്ങളോട് ഉത്തരവാദിത്വത്തോടെ പ്രതികരിക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും കത്തിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചു.



ലൈവ് സ്റ്റോക്ക് ഇൻസ്പെകടർമാരുടെ പരിശീലന ഉദ്ഘാടനം

# ഒമ്പതുമാസം പ്രായമുള്ള കുഞ്ഞിന് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരം

തിരുവനന്തപുരം: ഒൻപത് മാസം പ്രായവും നാല് കിലോഗ്രാം മാത്രം തൂക്കവുമുണ്ടായിരുന്ന കുഞ്ഞിൽ സങ്കീർണ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമാക്കി തിരുവനന്തപുരം കിംസ്ഹെൽത്തിലെ മെഡിക്കൽ സംഘം. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന കേരളത്തിലെ ഏറ്റവും ഭാരം കുറഞ്ഞ കുട്ടികളിലൊരാളാണ് തിരുവനന്തപുരം സ്വദേശിയായ കാശിനാഥ്.

മഞ്ഞപിത്തം ബാധിച്ചതിനെ തുടർന്ന് ആശുപത്രിയിൽ ചികിത്സ തേടിയ കുഞ്ഞിൽ നടത്തിയ വിശദ പരിശോധനയിൽ കരളിൽ നിന്ന് പിത്താശയത്തിലേക്ക് പിത്തരസമെത്തിക്കുന്ന നാളികളിൽ തടസം സൃഷ്ടിക്കുന്ന ബൈലിയറി അട്രീസിയ ബാധിച്ചതായി കണ്ടെത്തുകയായിരുന്നു. കരളിനകത്തോ പുറത്തോ ഉള്ള പിത്തനാളികളുടെ സാധാരണഗതിയിലുള്ള വികാസം സംഭവിക്കാതിരിക്കുമ്പോഴാണ് ഈ രോഗാവസ്ഥ ഉണ്ടാവുന്നത്.

ലോകത്തെ ഏകദേശം 70, 000 നവജാത ശിശുക്കളിൽ ഒരാൾക്ക് മാത്രമുണ്ടാകുന്ന അപൂർവ രോഗാവസ്ഥയാണിത്. കുട്ടിയുടെ ജീവൻ നിലനിർത്താനായി മറ്റ് വഴികളില്ലാതിരുന്ന മെഡിക്കൽ സംഘം ശസ്ത്രക്രിയയുമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയായിരുന്നുവെന്ന് ഹെപറ്റോബൈലറി, പാൻക്രിയാറ്റിക് ആൻഡ് ലിവർ ട്രാൻസ്പ്ലാൻറ് സർജറി വിഭാഗം സീനിയർ കൺസൾട്ടൻറ് ഡോ. ടി. യു ഷബീറലി പറഞ്ഞു. കുഞ്ഞിൻറെ പിതാവ് തന്നെ കരൾ ദാനം ചെയ്യാനുള്ള സന്നദ്ധത അറിയിക്കുകയായിരുന്നു.

എന്നാൽ അമിതഭാരം കാരണം, മെഡിക്കൽ സംഘം നിർദ്ദേശിച്ച കർശനമായ ഭക്ഷണക്രമം പിന്തുടർന്ന് ഒരു മാസം കൊണ്ട് 10 കിലോഗ്രാമോളം ഭാരം കുറച്ചതിന് ശേഷമാണ് കരൾ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയനായത്.

ഈ പ്രായത്തിലുള്ള കുട്ടികളുടെ രക്തക്കുഴലുകൾ വളരെ ചെറുതായതിനാൽ, ശസ്ത്രക്രിയയ്ക്കിടെ രക്തയോട്ടം തടസപ്പെടാനുള്ള സാധ്യത ഉണ്ടായിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ, ശസ്ത്രക്രിയയ്ക്ക് ശേഷം രക്തസ്രാവത്തിന് സാധ്യത ഉണ്ടായിരുന്നിട്ടും രക്തം കട്ടപിടിക്കാതിരിക്കാനുള്ള മരുന്നുകൾ നൽകി. കൂടാതെ, കുഞ്ഞുങ്ങൾക്ക് അണുബാധയ്ക്കും സാധ്യത ഉണ്ടായിരുന്നു. എന്നിരുന്നാലും, വിവിധ ഡിപ്പാർട്ട്മെൻറുകളുടെ ഏകോപനത്തിലൂടെ എല്ലാ വെല്ലുവിളികളും മറികടന്ന് 10 മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയ വിജയകരമാക്കി.

ഒരു മാസത്തെ ആശുപത്രി വാസത്തിന് ശേഷം ആരോഗ്യം വീണ്ടെടുത്ത് കാശിനാഥ് ആശുപത്രി വിട്ടു. സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്തിയ സന്തോഷത്തിൽ കാശിനാഥിൻറെ ഒന്നാം ജന്മദിനം മാതാപിതാക്കൾക്കും മെഡിക്കൽ സംഘത്തിനുമൊപ്പം ആശുപത്രിയിൽ തന്നെ ആഘോഷിച്ചു.

# ഒഴിപ്പിച്ച വ്യാപാരികളുടെ പുനരധിവാസം: ജൂലൈ 17നു മുമ്പ് തീരുമാനമെടുക്കണമെന്ന് നിർദ്ദേശം

കോട്ടയം: തിരുനക്കര ബസ് സ്റ്റാൻഡ് കെട്ടിടത്തിൽനിന്ന് ഒഴിപ്പിച്ച വ്യാപാരികളുടെ പുനരവധിവാസം സംബന്ധിച്ച് ജൂലൈ 17നു മുമ്പ് തീരുമാനമെടുക്കാൻ കോട്ടയം നഗരസഭയോട് ജില്ലാ നിയമ സഹായ അഥോറിറ്റി നിർദേശം. കച്ചവടക്കാരുടെ സംഘടനയ്ക്കുവേണ്ടി ആർ. രവി നൽകിയ പരാതിയിലാണ് ഡിഎൽഎസ്എ സെക്രട്ടറിയും സബ് ജഡ്ജുമായ ജി. പ്രവീൺകുമാറിൻറെ നിർദേശം. മുനിസിപ്പാലിറ്റിക്കുവേണ്ടി സെക്രട്ടറിയാണ് ഹാജരായത്. കച്ചവടക്കാർക്കു താത്കാലിക പുനരധിവാസം നൽകാൻ കൗൺസിൽ തീരുമാനിച്ചതാണെന്നും ഇതുവരെ നടപ്പായില്ലെന്നും പരാതിക്കാരൻ അഥോറിറ്റിയെ അറിയിച്ചു. വ്യാപാരികൾക്ക് പുനരധിവാസം നൽകിയാൽ പിന്നീട് ഒഴിപ്പിക്കാൻ ബുദ്ധിമുട്ടാകുമെന്നായിരുന്നു സെക്രട്ടറിയുടെ അഭിപ്രായം. വ്യാപാരികളെ വഴിയാധാരമാക്കാൻ അനുവദിക്കില്ലെന്നും അടിയന്തരമായി കൗൺസിൽ യോഗം ചേർന്ന് നടപടിയെടുക്കാനും അഥോറിറ്റി സെക്രട്ടറി നിർദേശം നൽകി. കെട്ടിടം പൊളിച്ചപ്പോൾ ഇവിടെ വ്യാപാരം നടത്തിയിരുന്ന 42 കടയുടമകൾ വഴിയാധാരമായിരുന്നു. ബസ് സ്റ്റാൻഡിൽ വ്യാപാരം നടത്തിയിരുന്നവർ കഴിഞ്ഞ ഒമ്പതുമാസമായി മറ്റു വരുമാന മാർഗങ്ങളില്ലാതെ ബുദ്ധിമുട്ടുകയാണ്. ഇതോടെയാണു വ്യാപാരികൾ ജില്ലാ നിയമ സഹായ അഥോറിറ്റിയെ സമീപിച്ചത്. 1956ൽ കല്ലിട്ട് 1973ൽ പൂർത്തീകരിച്ച ഈ കോംപ്ലക്സിൽ ചെറുതും വലുതുമായ ഒമ്പതു കെട്ടിടങ്ങളാണ് ഉണ്ടായിരുന്നത്. നഗരസഭയുടെ ജൂബിലി സ്മാരകം പണിയുന്നതിനുവേണ്ടിയാണ് ബാർ ഹോട്ടൽ നടത്തിയിരുന്ന ഡി ബ്ലോക്ക് ഒഴിച്ചു ബാക്കി എട്ടു കെട്ടിടങ്ങളും ബലക്ഷയം ആരോപിച്ച് പൊളിച്ചു നീക്കിയത്.

പുതിയ കെട്ടിടത്തിൻറെ ഡിപിആർ തയാറാക്കുന്നതിനു ബജറ്റിൽ 75 ലക്ഷം രൂപയാണു വക കൊള്ളിച്ചിരിക്കുന്നത്. കെട്ടിടം പൊളിച്ചതോടെ ഇവിടെ വ്യാപാരം ചെയ്തിരുന്ന 42 വ്യാപാരികളും കടകളിൽ ജോലി ചെയ്തു കുടുംബം നടത്തിയിരുന്ന 250 ജോലിക്കാരും മറ്റു ജീവിതമാർഗം കണ്ടെത്താനാവാതെ വിഷമിക്കുകയാണെന്നും നഗര ഭരണാധികാരികൾ ഇതു കണ്ടില്ലെന്നു നടിക്കുകയാണെന്നുംവ്യാപാരികൾ പറയുന്നു.

# തിരുനക്കര സ്റ്റാൻഡിലെ ബസ് കാത്തിരിപ്പു കേന്ദ്രം: നഗരസഭാ ചെയർപേഴ്സണെ ഘെരാവോ ചെയ്ത് ഡിവൈഎഫ്ഐ

കോട്ടയം: തിരുനക്കര ബസ് സ്റ്റാൻഡിൽ കാത്തിരിപ്പ് കേന്ദ്രം നിർമിക്കണമെന്നാവശ്യപ്പെട്ടു നഗരസഭാ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യനെ ഘെരാവോ ചെയ്തു ഡിവൈഎഫ്ഐ. ഇന്നലെ രാവിലെ 11നാണ് സംഭവം. ജില്ലാ പ്രസിഡൻറ് മഹേഷ് ചന്ദ്രൻറെ നേതൃത്വത്തിൽ ഇരുപതോളം പേരാണ് ചെയർപേഴ്സൻറെ റൂമിലെത്തി ഘൊരാവോ ചെയ്തത്.

ഉച്ചകഴിഞ്ഞ് ചേരുന്ന കൗൺസിൽ യോഗത്തിൽ വിഷയം പരിഗണിക്കുന്നുണ്ടെന്നു സമരക്കാരെ ചെയർപേഴ്സൻ അറിയിച്ചു. എന്നാൽ കാത്തിരിപ്പുകേന്ദ്രത്തിൻറെ കാര്യത്തിൽ ഉറപ്പു ലഭിക്കാതെ ഉപരോധം പിൻവലിക്കില്ലെന്ന് നേതാക്കൾ വ്യക്തമാക്കിയതോടെ പ്രതിഷേധം നീണ്ടു. എന്നാൽ, ചട്ടപ്രകാരം കൗൺസിൽ തീരുമാനത്തിലൂടെയെ നടപടി ഉണ്ടാകൂവെന്നും മറ്റു തീരുമാനങ്ങൾക്കു നിയമസാധുത ഇല്ലെന്നും ചെയർപേഴ്സൺ ആവർത്തിച്ചു.

ഇതു കണക്കാക്കാതെ നഗരസഭാ അധ്യക്ഷയുടെ ഓഫീസ് മുറിക്കുള്ളിൽ മുദ്രാവാക്യം വിളിച്ചു കുത്തിയിരിപ്പ് സമരം ഇവർ തുടർന്നു. പിന്നീട് പോലീസ് എത്തി ഇവരെ ബലം പ്രയോഗിച്ച് നീക്കുകയായിരുന്നു. സിപിഎം ഏരിയാ സെക്രട്ടറി ബി. ശശികുമാർ പ്രതിഷേധം ഉദ്ഘാടനം ചെയ്തു. സിപിഎം കൗൺസിലർമാരും സമരത്തിൽ പങ്കെടുത്തു.

# കടമെടുപ്പു കേസിൽ കേരളം തോറ്റെങ്കിലും കപിൽ സിബലിനും സംഘത്തിനും ഇതുവരെ ചെലവ് 96.40 ലക്ഷം

തിരുവനന്തപുരം: കടമെടുപ്പിൻറെ പരിധി ഉയർത്തണമെന്നാവശ്യപ്പെട്ടുള്ള കേന്ദ്രസർക്കാരുമായുള്ള കേസിൽ കേരളം തോറ്റെങ്കിലും വക്കീൽ ഫീസ് ഇനത്തിൽ മുതിർന്ന അഭിഭാഷകൻ കപിൽ സിബലിനും സംഘത്തിനും ഇതുവരെ നൽകിയത് 96.40 ലക്ഷം രൂപ.

കേരളത്തിനായി വാദിച്ച കപിൽ സിബലിനു വക്കീൽ ഫീസായി ഇതുവരെ 90. 50 ലക്ഷം നൽകിയെന്നു നിയമമന്ത്രി മന്ത്രി പി. രാജീവ് നിയമസഭയിൽ നൽകിയ മറുപടിയിൽ പറയുന്നു. ഫെബ്രുവരി 13നു വരെ സുപ്രീം കോടതിയിൽ ഹാജരായതിനുള്ള വക്കീൽ ഫീസ് ഇനത്തിലാണു കപിൽ സിബലിന് ഇത്രയും നൽകിയത്. ഫീസിനത്തിൽ ഇനിയും തുക നൽകാനുണ്ടെന്നാണു മറുപടിയിൽ വ്യക്തമാകുന്നത്.

ഇതേ കേസിൽ അഡ്വക്കറ്റ് ജനറലിനും (എജി) കിട്ടി ലക്ഷങ്ങൾ. ഫീസ് ഇനത്തിൽ 2.50 ലക്ഷം രൂപയും യാത്രപ്പടി ഇനത്തിൽ 1.90 ലക്ഷം രൂപയും അഡ്വക്കറ്റ് ജനറൽ കൈപ്പറ്റി.

ഒരു സിറ്റിംഗിന് 40, 000 രൂപയാണ് അഡ്വക്കറ്റ് ജനറലിനു നൽകിയത്. ആറു തവണ എജി സുപ്രീംകോടതിയിൽ ഹാജരായി. സഹായിയായ സീനിയർ ഗവൺമെൻറ് പ്ലീഡർക്കു യാത്രപ്പടിയായി 1.59 ലക്ഷം രൂപയും നൽകി. മൊത്തം 96.40 ലക്ഷം രൂപയാണ് ഫീസ് ഇനത്തിൽ അടക്കം ഇതുവരെ ചെലവായത്.

സംസ്ഥാനത്തിൻറെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നുവെന്ന് ആരോപിച്ചായിരുന്നു കേരളം കേസ് നൽകിയത്. കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ രണ്ടംഗ ഭരണഘടനാ ബെഞ്ചിലാണ്.

ധനമന്ത്രി കെ. എൻ. ബാലഗോപാലിൻറെ എതിർപ്പു മറികടന്നാണു കേരളം സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തതെന്ന ആരോപണവും ശക്തമാണ്. കേസിനു പോയി കേന്ദ്രസർക്കാരിനെ പിണക്കാതെ ഇക്കാര്യം ചർച്ചയിലൂടെ പരിഹരിക്കണമെന്ന ബാലഗോപാലിൻറെ പ്രായോഗികവാദത്തെ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ. എം. ഏബ്രഹാം അടക്കമുള്ളവർ എതിർത്തിരുന്നു.

കിഫ്ബിയുടെ കടമെടുപ്പ് സംസ്ഥാനത്തിൻറെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയതിനെതിരേയായിരുന്നു കെ. എം. ഏബ്രഹാമിൻറെ വാദം.

# കേരള നോളെജ് ഇക്കോണമി മിഷൻ: മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ യോഗം ഇന്ന് തിരുവനന്തപുരത്ത്

കേരള നോളെജ് ഇക്കോണമി മിഷന്റെ വൈജ്ഞാനിക തൊഴിൽ പദ്ധതികളെക്കുറിച്ചും നൈപുണ്യപരിശീലന പരിപാടികളെക്കുറിച്ചും ചർച്ചചെയ്യുന്നതിനായി മുനിസിപ്പൽ അധ്യക്ഷന്മാരുടെ യോഗം (20/6/29, വ്യാഴം) ഇന്ന് തിരുവനന്തപുരത്ത്. തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ ബാങ്കറ്റ് ഹാളിൽ രാവിലെ 10.30 ന് യോഗം ആരംഭിക്കും. മുനിസിപ്പൽ ചെയർപേഴ്സൺ ചേംബർ ചെയർമാൻ എം കൃഷ്ണദാസ് അധ്യക്ഷനാകുന്ന യോഗത്തിൽ നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല ആമുഖപ്രഭാഷണം നടത്തും.

നോളെജ് ഇക്കോണമി മിഷൻ പദ്ധതികളുടെ 2025 മാർച്ച് വരെയുള്ള പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്യും. പ്രോജക്ട് അവതരണം, പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പ്, നൈപുണ്യവികസന പരിശീലനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ, ഗ്രൂപ്പ് ചർച്ച എന്നിവ യോഗത്തിന്റെ ഭാഗമായി നടക്കും.

18 നും 59 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് വിജ്ഞാന തൊഴിൽ രംഗത്ത് അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് നോളെജ് ഇക്കോണമി മിഷൻ പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്. പ്ലസ് ടു അടിസ്ഥാന യോഗ്യതയുള്ള തൊഴിലന്വേഷകരാണ് പദ്ധതികളുടെ ഗുണഭോക്താക്കൾ.

# അഭിമുഖം ജൂൺ 21 ന്

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ജൂൺ 21നു രാവിലെ 10 ന് അഭിമുഖം നടക്കും.

ഡാറ്റാ കളക്ഷൻ അസിസ്റ്റന്റ് : (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത : പ്ലസ് ടു, സർവേയർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: സിവിൽ എൻജിനീയറിംഗ് ഡിപ്ലോമ / കഠക സർവേയർ, ബിസിനസ്സ് ഡിവെലപ്മെന്റ് മാനേജർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: ഡിഗ്രി, ഏജൻസി പാർട്നർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: പ്ലസ് ടു, സീനിയർ ഏജൻസി പാർട്നർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: പ്ലസ് ടു, ചീഫ് ഏജൻസി പാർട്നർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: ഡിഗ്രി.മുകളിലെ തസ്തികകളുടെ പ്രായപരിധി 35 വയസ്സ്. പ്രവൃത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത്, ഇന്റർവ്യൂ പങ്കെടുക്കാം. ഫോൺ നമ്പർ : 04712992609

# ജൂനിയർ ഇൻസ്ട്രക്ടർ

തിരുവനന്തപുരം, ചാക്ക ഗവ. ഐ.ടി.ഐയിൽ ടെക്നിഷ്യൻ മെഡിക്കൽ ഇലക്ട്രോണിക്സ് (ഠങ്ങള) ട്രേഡിലേക്ക് നിലവിലുള്ള ഒരു ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവിലേക്ക് ഈഴവ/ ബില്ല/ തീയ്യ കാറ്റഗറികളിൽ (പി.എസ്.സി റൊട്ടേഷൻ ചാർട്ട് അനുസരിച്ച്) ഉൾപ്പെടുന്ന ഉദ്യോഗാർഥികൾക്കുള്ള ഇന്റർവ്യൂ ജൂൺ 20 ന് രാവിലെ 11 ന് നടത്തും. എസ്.എസ്.എൽ.സി ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും 3 വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ/ ഡിഗ്രി ആണ് യോഗ്യത. താത്പര്യമുള്ളവർ അന്നേ ദിവസം അസൽ സർട്ടിഫിക്കറ്റുകളുമായി ചാക്ക ഗവ. ഐ.ടി.ഐ പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം.

# ബയോമെഡിക്കൽ എൻജിനീയർ നിയമനം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ ബയോമെഡിക്കൽ എൻജിനിയർ നിയമിക്കപ്പെടുന്നതിന് ജൂൺ 28ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് : www.rcctvm.gov.in

# എഐ ആപ് വഴി തയാറാക്കിയത് 150 സ്ത്രീകളുടെ നഗ്നചിത്രങ്ങൾ; മൂന്നു യുവാക്കൾ അറസ്റ്റിൽ

ചിറ്റാരിക്കാൽ (കാസർഗോഡ്): പരിചയക്കാരും ബന്ധുക്കളുമടക്കം സ്വന്തം നാട്ടിലുള്ള നൂറ്റന്പതോളം സ്ത്രീകളുടെ നഗ്നചിത്രങ്ങൾ എഐ ആപ്പ് വഴി സൃഷ്ടിച്ച് പ്രചരിപ്പിച്ച മൂന്നു യുവാക്കൾ അറസ്റ്റിൽ. ചിറ്റാരിക്കൽ സ്വദേശികളായ സിബിൻ ലൂക്കോസ് (21), എബിൻ ടോം ജോസഫ് (18), ജസ്റ്റിൻ ജേക്കബ് (21) എന്നിവരാണ് അറസ്റ്റിലായത്. യുവതികളുടെ സാമൂഹിക മാധ്യമ അക്കൗണ്ടുകളിൽനിന്നു ശേഖരിച്ച ചിത്രങ്ങൾ എഐ ബോട്ട് ഉപയോഗിച്ച് നഗ്നചിത്രങ്ങളാക്കി മാറ്റുകയായിരുന്നു. ഒന്നര വർഷത്തിലേറെയായി ഇവർ ഈ രീതിയിൽ ചിത്രങ്ങളെടുക്കുന്നുണ്ടായിരുന്നു.

ഇതിലൊരാളുടെ സുഹൃത്തായ മറ്റൊരു വിദ്യാർഥി അവിചാരിതമായി സുഹൃത്തിൻറെ ഫോണെടുത്തു നോക്കിയപ്പോൾ തൻറെ അടുത്ത ബന്ധുവായ യുവതിയുടെ നഗ്നചിത്രം കണ്ടതോടെയാണു സംഭവം പുറത്തറിഞ്ഞത്. ഈ വിദ്യാർഥി ഏതാനും ചിത്രങ്ങൾ തൻറെ ഫോണിലേക്കു പകർത്തിയെടുത്ത് ബന്ധുക്കളെ വിവരമറിയിക്കുകയായിരുന്നു. പോലീസെത്തുന്നതിനു മുമ്പ് യുവാക്കൾ തങ്ങളുടെ ഫോണിൽനിന്നു ചിത്രങ്ങൾ ഡിലീറ്റ് ചെയ്തിരുന്നു. പോലീസ് ഇവരുടെ ഫോണുകൾ പിടിച്ചെടുത്ത് സൈബർ സെല്ലിൻറെ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. ചിത്രങ്ങൾ ഡിലീറ്റ് ചെയ്ത കാര്യം സൈബർ സെല്ലിൻറെ പരിശോധനയിലൂടെ തെളിയിക്കാനാകുമെന്നു പോലീസ് പറഞ്ഞു. മൂന്നു പേരുടെയും അറസ്റ്റ് രേഖപ്പെടുത്തി ജാമ്യത്തിൽ വിട്ടു. പ്രതികൾക്കെതിരേ ഐടി ആക്ട് 67 എ വകുപ്പു പ്രകാരമാണ് കുറ്റം ചുമത്തിയിരിക്കുന്നത്. അഞ്ചുവർഷം വരെ തടവും 10 ലക്ഷം രൂപ വരെ പിഴയും കിട്ടാവുന്ന കുറ്റമാണിത്. സംഭവത്തിൽ പ്രദേശവാസികളുടെ ആശങ്ക പരിഹരിക്കുന്നതിനായി പഞ്ചായത്ത് അംഗത്തിൻറെയും പോലീസ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ബോധവത്കരണ യോഗം വിളിച്ചുചേർത്തു. ഇതിനകം നാലു പരാതികളാണു പോലീസിനു ലഭിച്ചിട്ടുള്ളത്. കൂടുതൽ പേർ പരാതി നല്കാൻ മുന്നോട്ടുവന്നാൽ അവരുടെ സ്വകാര്യത കാത്തുസൂക്ഷിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുമെന്നു പോലീസ് അറിയിച്ചു.